"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി

തിരുത്തൽ

നവീകരണം

പുനരധിവാസം"



ജയിലാസ്ഥാനകാര്യാലയം
തിരുവനന്തപുരം-12

പ്രിസൺസ് & കറക്ഷണൽ സ
ർവ്വീസസ്,കേരളം

www.keralaprisons.gov.in

ഇണ്ടാസ് നം: KPCS/5631/2026-P1; തീയതി: 31-10-2026

സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ "നിർമലം – നവകേരളം" എന്ന പേരിൽ മാലിന്യ പരിപാലന കാമ്പയിൻ നടപ്പിലാക്കിവരുന്നു.

മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിക്കുകയും ശാസ്ത്രീയമായി സംസ്കരിക്കുകയും പുനരുപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ കേരളത്തെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്ന പദ്ധതിയാണ് "നിർമലം – നവകേരളം".

ഇതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

DINESH B

DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും മേഖലാ ഡി.ഐ.ജി.മാർക്കും

പകർപ്പ്: ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും

Digitally signed by
Dinesh Bhagavathi Pillai
Date: 31-10-2026
16:35:43

"ഭരണഭാഷ- മാതൃഭാഷ"

കേരളസർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — സർക്കാരിന്റെ നൂറുദിന കർമ്മപരിപാടി — പൊതുജന പങ്കാളിത്തത്തോടെയുള്ള മാലിന്യ പരിപാലന ക്യാമ്പയിൻ — **നിർമലം - പുതുയുഗ ശുചിത്വ കേരളം** — ഹ്രസ്വകാല, മധ്യകാല, ദീർഘകാല പ്രവർത്തനങ്ങൾ — മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്

സ.ഉ.(കൈ) നം.128/2026/LSGD തീയതി,തിരുവനന്തപുരം, 30-09-2026

പരാമർശം:- ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/09/2026ൽ ചേർന്ന നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ആരംഭിക്കേണ്ട പൊതുജന പങ്കാളിത്തത്തോടെയുള്ള മാലിന്യ പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ **നിർമലം - പുതുയുഗ ശുചിത്വ കേരളം** എന്ന പേരിൽ മാലിന്യ പരിപാലന ക്യാമ്പയിൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവ അവരുടെ ചുമതലകൾ നിർവഹിക്കുന്നതിനോടൊപ്പം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഹ്രസ്വ കാല, മധ്യ കാല, ദീർഘ കാല പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന മൂന്ന് ഘട്ടങ്ങളിലായാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്.

2) 2026 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) ന് തുടക്കം കുറിച്ച് 2031 മാർ ച്ച് 30 (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം)ന് ലക്ഷ്യം നേടാൻ കഴിയുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

3) **നിർമലം - പുതുയുഗ ശുചിത്വ കേരള**ത്തിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, സംഘാടനം, സമയക്രമം എന്നിവ ഉൾക്കൊള്ളുന്ന മാർഗ്ഗരേഖ ഈ ഉത്തരവിന്റെ അനുബന്ധമായി അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും

സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവന്മാർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
ജോയിന്റ് ഡയറക്ടർ, വേസ്റ്റ് മാനേജ്മെന്റ്(പ്രിൻസിപ്പൽ ഡയറക്ടറേറ്റ് മുഖേന)
എല്ലാ ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർമാർക്കും (സംസ്ഥാന ശുചിത്വ മിഷൻ മുഖേന)
എല്ലാ ജില്ല അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വേസ്റ്റ് മാനേജ്മെന്റ് ചുമതല)
കോർഡിനേറ്റർ, വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടറിയേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിവിധ പത്ര മാധ്യമങ്ങളിലും സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധികരിക്കുന്നതിനായി)
കരുതൽ ഫയൽ/ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by Krishnadev R L
Date: 30-09-2026 15:03:51
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

കൃാമ്പയിൻ ആക്ഷൻ പ്ലാൻ

1. ആമുഖം

ഒരു സംസ്ഥാനം അതിന്റെ വികസനവും പുരോഗതിയും വളർച്ചയും വിലയിരുത്തുന്നത് അവിടെയുള്ള ജനതയുടെ പൊതുജീവിത സൗകര്യങ്ങളുടെ സംതൃപ്തി കൂടി പരിഗണിച്ചായിരിക്കും. മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്ന് ഭൂഘടനകൾ, 44 നദികൾ, 34 കായലുകൾ, 5 ശുദ്ധജല തടാകങ്ങൾ, ഒരു ലക്ഷത്തിലേറെ ജലസ്രോതസുകൾ 11,522 ചതുരശ്ര കിലോമീറ്റർ വനവും ഉൾക്കൊള്ളുന്ന സവിശേഷ ഭൂപ്രദേശമാണ് കേരളം. ഇത് വൃത്തിയോടെയും ശുചിത്വത്തോടെയും നിലനിർത്തുന്നതിന് പൊതുജനാരോഗ്യം, ടൂറിസം എന്നിവ പോലെ തന്നെ സവിശേഷ ശ്രദ്ധ പതിയേണ്ട മേഖലയാണ് ശാസ്ത്രീയ മാലിന്യസംസ്കരണം. പ്രതിദിനം 10,183 ടൺ ഖര മാലിന്യ ഉത്പാദനമുള്ള കേരളത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകുകയും അതേ സമയം കേന്ദ്രീകൃത സംവിധാനം അനിവാര്യമാകുന്ന സന്ദർഭങ്ങളിൽ അവ ഉറപ്പാക്കുകയും ചെയ്തു വരുന്ന രീതിയാണ് പിന്തുടരുന്നത്.

ഇന്ന് നമ്മുടെ സംസ്ഥാനത്ത് ആകെ ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ 70 മുതൽ 75 ശതമാനം ജൈവ മാലിന്യമാണ്. നിലവിൽ ഉറവിട മാലിന്യസംസ്കരണ രീതിക്ക് മുൻഗണന നൽകി വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യം സംസ്കരിക്കുന്ന രീതി കൂടുതലായി പ്രോത്സാഹിപ്പിക്കുന്നു. ഉറവിട സംവിധാനങ്ങൾ പ്രായോഗികമല്ലാത്ത വീടുകൾക്കും സ്ഥാപനങ്ങൾക്കും വലിയ ജനസംഖ്യയുള്ള നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യമായ പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നു. ഇവയ്ക്ക് പുറമെ വലിയ ബയോ സി.ബി.ജി പ്ലാന്റുകൾ, ബ്ലാക് സോൾജിയർ ഫ്ലൈ പ്ലാന്റുകൾ മുതലായ വ്യാവസായിക ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിലുണ്ട്.

അജൈവ മാലിന്യസംസ്കരണത്തിനായി പരമാവധി പുനഃചംക്രമണം എന്നത് ഉറപ്പാക്കുന്നതിനായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തരം തിരിച്ച പാഴ്വസ്തുക്കൾ ഹരിതകർമ്മ സേന ശേഖരിക്കുന്നു. പൂർണ്ണമായും ഡിജിറ്റൽ മോണിറ്ററിങ് വഴി വാതിൽപ്പടി ശേഖരണത്തിലൂടെയുള്ള അജൈവ മാലിന്യം തരംതിരിച്ച് പുനഃചംക്രമണത്തിനും അതിന് സാധിക്കാത്തവ സിമന്റ് ഫാക്ടറിയിലേക്കും റോഡ് നിർമാണത്തിനും അവയ്ക്കാനും സാധിക്കാത്തവ സയന്റിഫിക്ക് ലാൻഡ് ഫില്ലിലേക്കും എത്തുന്നു എന്ന് ഉറപ്പാക്കേണ്ടതായിട്ടുണ്ട്.

സാനിറ്ററി മാലിന്യസംസ്കരണത്തിനായി വാതിൽപ്പടി ശേഖരണവും ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു. നിലവിൽ 6 സാനിറ്ററി പ്ലാന്റുകളിലായി പ്രതിദിനം 9 ടൺ സാനിറ്ററി മാലിന്യം സംസ്കരിക്കുന്നു. പ്രതിദിനം 20 ടൺ വീതം സംസ്കരണശേഷിയുള്ള 4 റീജിയണൽ പ്ലാന്റുകളും കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിൽ വിവിധ പ്ലാന്റുകളും നിർമ്മാണ ഘട്ടത്തിലാണ്. കോഴിമാലിന്യ സംസ്കരണത്തിനായി 37 റെൻഡറിങ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, കെട്ടിട നിർമ്മാണങ്ങൾ പൊളിക്കുന്ന മാലിന്യം, മൃടി മാലിന്യം, ഇ-മാലിന്യം, പ്രത്യേക പരിചരണം ആവശ്യമുള്ള മാലിന്യങ്ങൾ എന്നിവയുടെ ശാസ്ത്രീയ ശേഖരണം സംഭരണം സംസ്കരണം എന്നിവയ്ക്ക് മതിയായ സംവിധാനങ്ങളുടെ ആവശ്യമുണ്ട്.

സംസ്ഥാനത്ത് ദ്രവ മാലിന്യ ഉൽപ്പാദനം 4031 MLD-യാണ്, ആയത് പൂർണ്ണമായും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ അപര്യാപ്തമാണ്. വീടുകളിൽ ശാസ്ത്രീയ സെപ്റ്റിക് ടാങ്കുകൾ ഉറപ്പാക്കിയും ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചും സമ്പൂർണ്ണ ശാസ്ത്രീയ ദ്രവ മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതുണ്ട്.

സുസ്ഥിര മാലിന്യസംസ്കരണം സാധ്യമാക്കുന്നതിന് നേതൃത്വം വഹിക്കേണ്ടത് പൊതുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനായി മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, തരംതിരിക്കൽ, കൈമാറൽ, ശാസ്ത്രീയ സംസ്കരണം തുടങ്ങിയ ചുമതലകൾ പൊതുജനങ്ങൾ നിർവഹിക്കുമ്പോൾ അവ കൃത്യമായി ഇടവേളകളിൽ ശേഖരിച്ച് ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. ഇതിലേക്ക് നാം ഉൾപ്പെടുന്ന പൊതുസമൂഹത്തിന്റെ മനോഭാവവും ശീലങ്ങളും മാറ്റിയെടുക്കുന്ന വിധത്തിലേക്കാണ് നിർമലം - പുതുയുഗ ശുചിത്വ കേരളം എന്ന ക്യാമ്പയിൻ വിഭാവനം ചെയ്തിരിക്കുന്നത്.

2. പശ്ചാത്തലം

കേരളത്തിലെ പരിസ്ഥിതി മലിനീകരണം, കാലാവസ്ഥ വ്യതിയാനം, പൊതുജന ആരോഗ്യപ്രശ്നങ്ങൾ, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ, തെരുവുനായ ശല്യം, ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യതക്കുറവ്, ജലാശയങ്ങളിൽ വലിയ തോതിലുള്ള ജലജന്യ രോഗാണുക്കളുടെയും മൈക്രോപ്ലാസ്റ്റിക്കിന്റെയും സാന്നിധ്യം തുടങ്ങി ഗുരുതര പ്രശ്നങ്ങൾക്ക് അശാസ്ത്രീയ മാലിന്യസംസ്കരണം കാരണമാകുന്നു. അജൈവമാലിന്യം കത്തിക്കുക, അലക്ഷ്യമായി വലിച്ചെറിയുക, നിരോധിത, ഒറ്റത്തവണ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം, പൊതുജലാശയങ്ങളിൽ ടോയിലറ്റ് മാലിന്യം തള്ളൽ, തദ്ദേശസ്ഥാപനങ്ങൾ ചുമതലപ്പെടുത്തിയ അംഗീകൃത ഏജൻസികൾക്ക് മാലിന്യം നൽകാതെ അനധികൃത വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് കൈമാറൽ എന്നിവയാണ് മാലിന്യപരിപാലന രംഗത്ത് കേരളം നേരിടുന്ന പ്രധാന വെല്ലുവിളികൾ.

സാങ്കേതികവിദ്യകളുടെയും പരിഹാരമാർഗ്ഗങ്ങളുടെയും അഭാവത്തോടൊപ്പം മാലിന്യ ഉൽപ്പാദകരുടെ അശാസ്ത്രീയമായ മാലിന്യ പരിപാലന രീതികളും മാലിന്യം ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംവിധാനത്തിൽ നിലനിൽക്കുന്ന വിടവുകളുമാണ് നിലവിൽ നേരിടുന്ന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിനായി 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ ഭാഗമായി പ്രാബല്യത്തിൽ വന്ന 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള നാലിന തരംതിരിവ്, ശേഖരണം, സംസ്കരണം ഉറപ്പാക്കി വികേന്ദ്രീകൃതവും കേന്ദ്രീകൃതവും സംയോജിതവുമായ ശാസ്ത്രീയ മാലിന്യ പരിപാലന രീതിക്ക് ഊന്നൽ നൽകി പ്രവർത്തിക്കുക എന്നതാണ് നിർമലം - പുതുയുഗ ശുചിത്വ കേരളം ക്യമ്പയിനിന്റെ ലക്ഷ്യം.

3. സമീപനം

"മാലിന്യവും ഒരു വരുമാനമാർഗമാണ്" എന്ന പുതുനയം സ്വീകരിക്കുകയും മാലിന്യസംസ്കരണ മേഖലയെ ബിസിനസ്സ് ആൻഡ് ഇൻഡസ്ട്രിയൽ മോഡൽ ആയി പ്രാവർത്തികമാക്കുകയും ചെയ്യുക എന്ന സമീപനത്തോടെയാണ് നിർമലം - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിൻ വിഭാവനം ചെയ്യുന്നത്. ഇതിനായി സംസ്ഥാനത്തിന് പുറത്തുള്ള മികച്ച മാലിന്യ സംസ്കരണ മാതൃകകൾ കേരള-ഭൂപ്രകൃതിയ്ക്ക് അനുയോജ്യവും സ്വീകാര്യവുമാണെങ്കിൽ അവയുടെ ഏറ്റവും നൂതനസാങ്കേതിക സംവിധാനങ്ങൾ മാലിന്യസംസ്കരണ മേഖലയിൽ ഉറപ്പ് വരുത്തുക, മാലിന്യത്തിന്റെ തോത് കുറച്ചു കഴിഞ്ഞും ഉണ്ടാകുന്ന മാലിന്യം, കക്കൂസ്, ശുചിമുറി മാലിന്യം ഉൾപ്പെടെയുള്ളവയെല്ലാം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്ലാന്റുകൾ പൊതുജന പങ്കാളിത്തത്തോടെയും, സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെയും സജ്ജമാക്കുക എന്നതാണ് സർക്കാർ സമീപനം.

4. വിഷൻ (കാഴ്ചപ്പാട്)

1. കുറഞ്ഞ മാലിന്യ ഉത്പാദനവും പരമാവധി വിഭവ വീണ്ടെടുക്കലും.

2. വൃത്തിയുള്ള പൊതുയിടങ്ങളും ശുദ്ധമായ ജലാശയങ്ങളും.

3. എല്ലാത്തരം മാലിന്യങ്ങളുടെയും ശാസ്ത്രീയ പരിപാലനം.

4. ഉത്തരവാദിത്വമുള്ള മാലിന്യ പരിപാലനം ജീവിതശൈലിയാക്കിയ സമൂഹം.

5. **ലക്ഷ്യങ്ങൾ**

1. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എല്ലാത്തരം മാലിന്യങ്ങളുടെയും ശാസ്ത്രീയ പരിപാലനവും സംസ്കരണവും അവരുടെ പ്രാഥമിക ചുമതലയായി ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കൽ.

2. "*എന്റെ മാലിന്യം — എന്റെ ഉത്തരവാദിത്വം*" എന്ന ബോധ്യം വളർത്തി ശാസ്ത്രീയ മാലിന്യസംസ്കരണം ജീവിതശൈലിയാക്കുക, മാലിന്യസംസ്കരണ മേഖലയിലെ തൊഴിലാളികളോടുള്ള സമൂഹത്തിന്റെ സമീപനത്തിലും പെരുമാറ്റത്തിലും അനുകൂലമായമാറ്റം സൃഷ്ടിക്കൽ.

3. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യം തരംതിരിക്കുന്നു എന്ന് ഉറപ്പാക്കൽ.

4. വിനോദസഞ്ചാര കേന്ദ്രങ്ങൾ, വഴിയോരങ്ങൾ, മാർക്കറ്റുകൾ, മറ്റ് പൊതുയിടങ്ങൾ എന്നിവ മനോഹരമാക്കുന്നതോടൊപ്പം, വൃത്തിയും കൃത്യമായ പരിപാലനവുമുള്ള പൊതുശുചിമുറികൾ നിർമ്മിച്ച് സംരക്ഷിക്കൽ.

5. ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി, വൻകിട മാലിന്യ ഉത്പാദകരടങ്ങുന്ന തലങ്ങളിൽ അനുയോജ്യമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കൽ പ്രവർത്തനക്ഷമമാക്കൽ സുസ്ഥിരത ഉറപ്പാക്കൽ.

6. മാലിന്യത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും പ്രോത്സാഹിപ്പിച്ചുകൊണ്ട് സർക്കുലർ എക്കണോമി (Circular Economy) വളർത്തുകയും, മാലിന്യ സംസ്കരണത്തിനായി പുതിയ ബിസിനസ്സ് സംരംഭങ്ങളും, തൊഴിലവസരങ്ങളും, നിക്ഷേപ അവസരങ്ങളും സൃഷ്ടിക്കൽ .

7. ദ്രവമാലിന്യ സംസ്കരണത്തിലുള്ള വലിയ വിടവുകൾ നികത്തുന്നതിനായി ശാസ്ത്രീയ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ.

8. നിയമ ലംഘനങ്ങൾക്കെതിരെ ശക്തമായ വിവര വിജ്ഞാന വ്യാപനവും, കാര്യക്ഷമവും സമയബന്ധിതവുമായ എൻഫോഴ്സ്മെന്റ് നടപടികൾ ഉറപ്പാക്കൽ.

9. മാലിന്യത്തിന്റെ ഉത്പാദനം മുതൽ സംസ്കരണം വരെയുള്ള മുഴുവൻ ഘട്ടങ്ങളുടെയും ഡിജിറ്റൽ സംവിധാന നിരീക്ഷണം ഉറപ്പാക്കൽ.

10. എല്ലാ സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ശാസ്ത്രീയ മാലിന്യസംസ്കരണം ദൈനം ദിന ജീവിതത്തിന്റെ ഭാഗമാണെന്ന ഉത്തരവാദിത്വം ഉറപ്പാക്കൽ.

11. തദ്ദേശീയ വിജയമാതൃകകൾ പ്രോത്സാഹിപ്പിക്കൽ, മികച്ച മാതൃകകൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കൽ.

6. **ക്യാമ്പയിൻ രീതിശാസ്ത്രം**

വിവരാധിഷ്ഠിതമായ ആസൂത്രണം, നിർവ്വഹണം, നിരീക്ഷണം, പിന്തുടരൽ എന്നിവയിലൂന്നിയുള്ള

ക്യാമ്പയിൻ രീതിയാണ് അവലംബിക്കുന്നത്. മുൻകൂട്ടി നിശ്ചയിച്ച സൂചകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഏതൊരു ക്യാമ്പയിനിന്റെയും വിജയം വിലയിരുത്തേണ്ടത്. അതിനാൽ, മാലിന്യ സംസ്കരണ മേഖലയുടെ വികസനവും നിരന്തര നിരീക്ഷണവും ഉറപ്പാക്കുന്നതിനായി, കൃത്യമായ സൂചകങ്ങളടങ്ങിയ സമഗ്രമായ ഒരു മോണിറ്ററിംഗ് ഫ്രെയിംവർക്ക് തയ്യാറാക്കുക എന്നതാണ് നിർമലം - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിനിന്റെ പ്രഥമ ദൗത്യം. ഈ സൂചകങ്ങളുടെ നിലവിലെ അവസ്ഥയും, ക്യാമ്പയിനിന്റെ ഓരോ ഘട്ടത്തിലും കൈവരിക്കേണ്ട പുരോഗതിയും വിലയിരുത്തിയാണ് ലക്ഷ്യങ്ങൾ നിർണ്ണയിച്ചിരിക്കുന്നത്. ഈ ലക്ഷ്യങ്ങൾ നേടുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസനം, കാര്യശേഷി വികസനം, ജനകീയ പങ്കാളിത്തം, വിവര-വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, നിയമനടപടികൾ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് നിർമലം - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിൻ.

7. ക്യാമ്പയിൻ പ്രവർത്തന കാലഘട്ടം, സൂചകങ്ങൾ

ഘട്ടം	കാലയളവ്
ഹ്രസ്വ കാലം	**ഒക്ടോബർ 2, 2026 മുതൽ ഒക്ടോബർ 2, 2027 വരെ** **(ഗാന്ധി ജയന്തി)**

<u>സൂചകങ്ങൾ</u>

സാനിറ്റേഷൻ പ്രവർത്തനങ്ങൾ

1. പൊതുസ്ഥലങ്ങൾ, പ്രധാന പാതയോരങ്ങൾ എന്നിവ ദിനംപ്രതി വൃത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ.
2. മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള പൊതുബിന്നുകൾ ഉറപ്പാക്കൽ.
3. പൊതു ബിന്നുകളിൽ നിന്നുള്ള മാലിന്യം കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യൽ, ബിന്നുകളും പരിസരവും വൃത്തിയായി സൂക്ഷിക്കൽ.
4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വൃത്തിയുള്ള പൊതുശുചിമുറികൾ ഉറപ്പാക്കൽ.
5. പൊതുശുചിമുറികളുടെ പരിപാലനവും മോണിട്ടറിംഗ് സംവിധാനവും ഉറപ്പാക്കൽ.

ഖരമാലിന്യ പരിപാലനം

ജൈവ മാലിന്യം

6. സംസ്ഥാനത്തെ 30% വീടുകളിൽ ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം, 100 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ ജൈവ മാലിന്യ സംസ്കരണ സംവിധാനമുള്ള സ്ഥാപനങ്ങളാക്കി മാറ്റി പ്രഖ്യാപനം നടത്തൽ.
7. പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളിൽ ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വിതരണത്തിലൂടെ വരുമാനം കണ്ടെത്തൽ.
8. നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തലും നടപ്പിലാക്കലും - സംസ്ഥാനത്ത് 2 സി.ബി.ജി പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിക്കൽ.

9. ജൈവമാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുന്നതിനായി P P P മോഡലിൽ സാങ്കേതിക ശേഷിയും മാനദണ്ഡങ്ങളും പാലിക്കുന്ന സ്വകാര്യ ഏജൻസികളുടെ എംപാനൽമെന്റ് ഉറപ്പാക്കൽ.

അജൈവ മാലിന്യം

10. എല്ലാ തരം അജൈവ മാലിന്യങ്ങളുടെയും (സാനിട്ടറി, C&D മാലിന്യങ്ങൾ ഒഴികെ) 100% ശേഖരണം ഉറപ്പാക്കൽ.
11. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കലണ്ടർ പ്രകാരം അജൈവ മാലിന്യങ്ങൾ (സാനിട്ടറി, C&D മാലിന്യങ്ങൾ ഒഴികെ) ശേഖരിക്കുന്നു എന്ന് ഉറപ്പാക്കൽ.
12. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങൾ ഉറപ്പാക്കൽ.
13. ആകെ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ (സാനിട്ടറി, C&D മാലിന്യങ്ങൾ ഒഴികെ) 40% പുന:ചംക്രമണം ഉറപ്പാക്കൽ.
14. സ്ക്രാപ്പ് വ്യാപാരം സ്റ്റാൻഡൈസ് ചെയ്യൽ, വിവരശേഖരണ സംവിധാനം ഒരുക്കൽ.
15. പുതിയ RDF പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിക്കൽ.

സാനിറ്ററി മാലിന്യം

16. സാനിറ്ററി മാലിന്യ സംസ്കരണത്തിൽ 4 0 % കൈവരിക്കുന്നതിനൊപ്പം രണ്ട് റീജിണൽ സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കൽ.

സാനിറ്ററി ലാൻഡ്ഫിൽ

17. ശാസ്ത്രീയ ലാൻഡ്ഫില്ലുകൾ സ്ഥാപിക്കുന്നതിന് ആവിശ്യമായ പ്രാരംഭ നടപടികൾ ആരംഭിക്കൽ.

ദ്രവ മാലിന്യം

18. നാല് FSTP പ്ലാന്റുകളുടെ പ്രവർത്തനമാരംഭിക്കൽ.

വൻകിട മാലിന്യ ഉത്പാദകർ

19. വൻകിട മാലിന്യ ഉത്പാദകരെ സർക്കാരിന്റെ മാലിന്യ ശേഖരണ സംസ്കരണ സംവിധാനങ്ങളുമായി ബന്ധിപ്പിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യൽ.
20. വിനോദസഞ്ചാര കേന്ദ്രങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ സ്ഥാപനങ്ങൾ, BWG കേന്ദ്രങ്ങൾ, പൊതു റോഡുകൾ തുടങ്ങിയ എല്ലാ പൊതുയിടങ്ങളിലും ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ സുസ്ഥിര ഗ്രേഡിംഗ് സംവിധാനം ഉറപ്പാക്കൽ.
21. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഗ്രേഡിംഗ് സംവിധാനം ഉറപ്പാക്കൽ.

22. വന്നകട മാലന്യ ഉതപാദകര മാനദണ്ഡങ്ങൾ കൃത്യമായ പാലിക്കുന്നുണ്ടെന്ന ഉറപ്പാക്കുന്നതിനായി ലൈസെൻസിംഗിനോടൊപ്പം കർശനമായ എൻഫോഴ്സ്മെന്റ് സംവിധാനവും ഉറപ്പാക്കൽ.

മറ്റ് മാലിന്യങ്ങൾ

23. എല്ലാ ജില്ലകളിലും C&D മാലിന്യ സംഭരണ സംവിധാനം സജ്ജമാക്കൽ .

24. അംഗീകൃത ഏജൻസികൾ മുഖേന മുടി മാലിന്യ ശേഖരണം ഉറപ്പാക്കൽ.

25. 100% ഇ-മാലിന്യ ശേഖരണം ഉറപ്പാക്കൽ

മധ്യകാലം	**ഒക്ടോബർ 2, 2027 മുതൽ ജൂൺ 5, 2030 വരെ** **(ലോക പരിസ്ഥി ദിനം)**

സൂചകങ്ങൾ

സാനിറ്റേഷൻ പ്രവർത്തനങ്ങൾ

1. പൊതുസ്ഥലങ്ങളുടെ സ്വീപ്പിങ് പ്രവർത്തനങ്ങൾ കൂടുതൽ യന്ത്രവൽകരിക്കൽ.

2. എല്ലാ പൊതുയിടങ്ങളിലും വൃത്തിയുള്ള ശുചിമുറികൾ ഉറപ്പാക്കൽ.

ഖര മാലിന്യം

ജൈവ മാലിന്യം

3. ഉത്പാദിപ്പിക്കുന്ന ജൈവ മാലിന്യത്തിന്റെ 70% ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കൽ.

4. വീടുകളിലും സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റിന്റെ വിതരണം ഉറപ്പാക്കൽ.

5. നിലവിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സി.ബി.ജി പ്ലാന്റുകളുടെയും നിർമാണം സമയബന്ധിതമായി പൂർത്തീകരിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കൽ.

അജൈവ മാലിന്യം

6. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എല്ലാ മാസവും എല്ലാ തരം അജൈവ മാലിന്യങ്ങളും (C&D മാലിന്യങ്ങൾ ഒഴികെ) ശേഖരിക്കുന്നു എന്ന് ഉറപ്പാക്കൽ.

7. ആകെ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ (സാനിട്ടറി, C&D മാലിന്യങ്ങൾ ഒഴികെ) 50% പുന:ചംക്രമണം ഉറപ്പാക്കൽ.

8. സംസ്ഥാനത്തിൽ പ്ലാസ്റ്റിക് റീസൈക്ലിങ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കൽ.

9. 100% റിജക്ട് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ വേസ്റ്റ്-ടു-എനർജി പ്ലാന്റുകളുടെ നിർമ്മാണം ആരംഭിക്കൽ.

സാനിറ്ററി ലാൻഡ്ഫിൽ

10. സംസ്ഥാനത്ത് ഒരു സാനിറ്ററി ലാൻഡ്ഫില്ലിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കൽ.

പൊതു സ്ഥലങ്ങൾ

11. വിനോദസഞ്ചാര കേന്ദ്രങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ സ്ഥാപനങ്ങൾ, BWG കേന്ദ്രങ്ങൾ, പൊതു റോഡുകൾ തുടങ്ങിയ എല്ലാ പൊതു ഇടങ്ങളും ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന ഗ്രേഡിംങ്ങിന്റെ പ്രഖ്യാപനം നടത്തൽ.

12. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ ഉയർന്ന കാറ്റഗറിയിലേക്ക് മാറ്റൽ, പ്രഖ്യാപിക്കൽ.

ദ്രവ മാലിന്യം

13. കേരളത്തിലെ ദ്രവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 4 0 % ദ്രവ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റുകളുടെ നിർമ്മാണം ആരംഭിക്കൽ.

പൊതുശുചിമുറികൾ

14. കൂടുതൽ പൊതുവിടങ്ങളിൽ വൃത്തിയുള്ള ശുചിമുറി സംവിധാനം ഉറപ്പാക്കൽ.

മറ്റ് മാലിന്യങ്ങൾ

15. സാനിറ്ററി മാലിന്യത്തിന്റെ 60% ശാസ്ത്രീയ സംസ്കരണം സാധ്യമാക്കൽ.

16. സംസ്ഥാനത്തെ ആദ്യ ഇ-മാലിന്യ റീസൈക്ലിംഗ് പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കൽ.

17. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും C & D മാലിന്യ ശേഖരണ സംവിധാനം ആരംഭിക്കൽ.

ദീർഘ കാലം	**ഒക്ടോബർ 2, 2026 മുതൽ മാർച്ച് 30, 2031 വരെ** **(അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം)**

<u>സൂചകങ്ങൾ</u>

സാനിറ്റേഷൻ പ്രവർത്തനങ്ങൾ

1. പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും യാതൊരുതരത്തിലുമുള്ള മാലിന്യവും എത്തുന്നില്ല എന്ന് ഉറപ്പാക്കൽ

ജൈവ മാലിന്യം

2. 1 0 0 % വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണം ഉറപ്പാക്കൽ, ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റിന്റെ 100% വിതരണം ഉറപ്പാക്കൽ.

3. വികേന്ദ്രീകൃത സംസ്കരണ ഉപാധികളുടെ തുടർ പരിചരണം (o&m) ഉറപ്പാക്കൽ.

4. ഡിജിറ്റൽ സംവിധാനത്തിലൂടെ ഇനോക്കുലം ലഭ്യമാക്കൽ , മറ്റ് സർവീസ് എന്നിവ ഉറപ്പാക്കൽ.

5. എല്ലാ പൊതു ജൈവ മാലിന്യ സംസ്കര സംവിധാങ്ങളുടെയും O&M ഉറപ്പാക്കൽ

അജൈവ മാലിന്യം

6. സംസ്ഥാനത്ത് ആകെ ഉത്പാദിപ്പിക്കപ്പെടുന്ന എല്ലാ തരം അജൈവ മാലിന്യങ്ങളുടെയും (C&D മാലിന്യങ്ങൾ ഒഴികെ) 100% ശേഖരണവും സംസ്കരണവും ഉറപ്പാക്കൽ.

7. 100% റിജക്ട് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ വേസ്റ്റ്-ടു-എനർജി പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിക്കൽ.

8. ആകെ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ (സാനിട്ടറി,പൂർണ്ണമായും പുനഃചംക്രമണ സാധ്യത ഇല്ലാത്ത മാലിന്യങ്ങൾ എന്നിവ ഒഴികെ) 80% പുന:ചംക്രമണം ഉറപ്പാക്കൽ.

സാനിറ്ററി മാലിന്യം

9. സംസ്ഥാനമൊട്ടാകെ ഉൽപാദിപ്പിക്കുന്ന സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ ഉറപ്പാക്കൽ

10. സാനിറ്ററി മാലിന്യ ഉത്പാദനത്തിന്റെ 100% സംസ്കരണം സാധ്യമാക്കൽ.

സാനിറ്ററി ലാൻഡ്ഫിൽ

11. സംസ്ഥാനത്ത് ഉണ്ടാകുന്ന മുഴുവൻ നിഷ്ക്രിയ മാലിന്യവും കൈകാര്യം ചെയ്യുന്നതിനുള്ള സാനിറ്ററി ലാൻഡ്ഫില്ലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കൽ.

പൊതുസ്ഥലങ്ങൾ

12. സംസ്ഥാനത്തെ എല്ലാ വിനോദ സഞ്ചാരകേന്ദ്രങ്ങൾക്കും വൃത്തിയും മികച്ച ദൃശ്യഭംഗിയും ഉറപ്പാക്കൽ (ശുചിത്വ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ).

13. സംസ്ഥാനത്തെ എല്ലാ പൊതു ഇടങ്ങൾക്കും (ബസ്സ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, സർക്കാർ സ്ഥാപനങ്ങൾ) വൃത്തിയും മികച്ച ദൃശ്യഭംഗിയും ഉറപ്പാക്കൽ (ശുചിത്വ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ).

14. 100% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശുചിത്വ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ ഉയർന്ന കാറ്റഗറിയിലേക്ക് ഉയർത്തൽ.

ദ്രവ മാലിന്യം

15. FSTP-കളുടെ മേഖലാതല ക്ലസ്റ്ററുകൾ രൂപീകരിച്ച് 50% ദ്രവ മാലിന്യ സംസ്കരണത്തിന് ആവശ്യമായ സംവിധാനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കലും 50% സംസ്കരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.

പൊതുശുചിമുറികൾ

16. നിശ്ചിത സേവന നിലവാര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശുചിമുറി സൗകര്യങ്ങൾ ഉറപ്പാക്കൽ.

മറ്റ് മാലിന്യങ്ങൾ

17. C&D മാലിന്യ സംസ്കരണ പ്ലാന്റ് പ്രാവർത്തികമാക്കൽ

18. ഇ-മാലിന്യ ശേഖരണത്തിനായി സുസ്ഥിരമായ സംവിധാനം ഒരുക്കൽ, ഇ-മാലിന്യ ഉൽപാദനത്തിന്റെ 100% സംസ്കരണം ഉറപ്പാക്കൽ.

8. ക്യാമ്പയിൻ ഏകോപനം

1. പൊതുനിർദ്ദേശങ്ങൾ

1. 2031 മാർച്ച് 30-ന് (അന്തർദ്ദേശീയ സീറോ വേസ്റ്റ് ദിനം) സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമായി പ്രഖ്യാപിക്കാൻ കഴിയുംവിധം വിവിധ പ്രവർത്തനങ്ങൾ സംസ്ഥാനതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് തലം വരെ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

2. സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ 2026 ഒക്ടോബർ 2 മുതൽ 10 വരെ നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ ഉദ്ഘാടന പരിപാടികൾ. മാലിന്യ പരിപാലനത്തിൽ മികച്ച മാതൃകകൾ നാടിന് സമർപ്പിക്കൽ, ക്ലീനിങ് ഡ്രൈവുകൾ, ജൈവ മാലിന്യ സംസ്കരണത്തിൽ സമ്പൂർണ്ണത കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം, പുതിയ ഫെസിലിറ്റികളുടെ ഉദ്ഘാടനങ്ങൾ, വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി നടപ്പിലാക്കണം.

3. ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി ചുവടെ പറയുന്ന രീതിയിൽ കമ്മിറ്റികൾ രൂപീകരിക്കണം ***(വിശദമായ കമ്മിറ്റികളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു)***

4. സംസ്ഥാനത്തെ മാലിന്യപരിപാലന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 14 ജില്ലകളിലും (സ.ഉ സാധാ) നം.2562/2023/LSGD തിയതി 23/12/2023 ഉത്തരവ് പ്രകാരം ഓരോ വേസ്റ്റ് മാനേജ്മന്റ്- ജില്ലാ കോർഡിനേറ്റർമാരെ നിയമിക്കേണ്ടതാണ്.

2. കമ്മിറ്റികൾ

നിർമലം നിയതം - പുതുയുഗ ശുചിത്വകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ആസൂത്രണം, ഏകോപനം, നിരീക്ഷണം എന്നിവയ്ക്കായി വിവിധ തലങ്ങളിൽ താഴെ പറയുന്ന സമിതികൾ രൂപീകരിക്കേണ്ടതാണ്. കമ്മിറ്റികളുടെ ഘടനയുമായി ബന്ധപ്പെട്ട വിശദമായ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.

8.2.1. സംസ്ഥാന തല കമ്മിറ്റികൾ

1. സംസ്ഥാന ഏകോപന കമ്മിറ്റി

- ബഹു. മുഖ്യമന്ത്രി - മുഖ്യ രക്ഷാധികാരി
- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി - ചെയർപേർസൺ
- ചീഫ് സെക്രട്ടറി - കൺവീനർ
- തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി - ജോയിന്റ് കൺവീനർ
- മറ്റ് അംഗങ്ങൾ

2. സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി

- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി - ചെയർപേർസൺ
- ചീഫ് സെക്രട്ടറി - കൺവീനർ
- തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി - ജോയിന്റ് കൺവീനർ
- തദ്ദേശ സ്വയംഭരണ വകുപ്പിലെ മുഴുവൻ HOD മാരും

3. സംസ്ഥാന ഉദ്യോഗസ്ഥ തല കമ്മിറ്റി

- തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി - കൺവീനർ
- വകുപ്പിലെ മുഴുവൻ HODമാരും - ജോയിന്റ് കൺവീനർമാർ
- എല്ലാ തദ്ദേശ സ്വയമഭരണ വകുപ്പ് ജില്ല ജോയിന്റ് ഡയറക്ടർ & ശുചിത്വ മിഷൻ ജില്ല കോർഡിനേറ്റർമാർ - മെമ്പർ

8.2.2. ജില്ലാതല ഏകോപന കമ്മിറ്റി

- ജില്ലയുടെ ചുമതലയുള്ള മന്ത്രി - മുഖ്യ രക്ഷാധികാരി
- ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർപേർസൺ
- ജില്ലാ കളക്ടർ - വൈസ് ചെയർപേർസൺ
- ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് - കൺവീനർ
- ശുചിത്വ മിഷൻ ജില്ല കോർഡിനേറ്റർ - ജോയിന്റ് കൺവീനർ
- മറ്റ് അംഗങ്ങൾ

8.2.3. ബ്ലോക്ക്തല ഏകോപന കമ്മിറ്റി

- ബ്ലോക്ക് പഞ്ചയാത്ത് പ്രസിഡന്റ് - ചെയർപേർസൺ
- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി - കൺവീനർ
- മറ്റ് അംഗങ്ങൾ

8.2.4. നിയമസഭ നിയോജക മണ്ഡലതല ഏകോപന കമ്മിറ്റി

- എം.എൽ.എ - ചെയർപേർസൺ
- അസിസന്റ് ഡയറക്ടർ (വേസ്റ്റ് മാനേജ്മന്റ്) തദ്ദേശ സ്വയംഭരണ വകുപ്പ് - കൺവീനർ
- അസിസന്റ് കോർഡിനേറ്റർ ശുചിത്വ മിഷൻ - ജോയിന്റ് കൺവീനർ
- നിയസഭ നിയോജക മണ്ഡല പരിധിയിലുള്ള എല്ലാ ജനപ്രതിനിധികളും

8.2.5 തദ്ദേശ സ്വയംഭരണ സ്ഥാപന-തല നിർവ്വഹണ കമ്മിറ്റി

1. **കോർപ്പറേഷൻ**

- കോർപ്പറേഷൻ മേയർ - ചെയർപേർസൺ
- കോർപ്പറേഷൻ സെക്രട്ടറി - കൺവീനർ
- കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി - ജോയിന്റ് കൺവീനർ
- മറ്റ് അംഗങ്ങൾ

2. **മുൻസിപ്പാലിറ്റി**

- മുൻസിപ്പാലിറ്റി ചെയർപേഴ്സൺ - ചെയർപേഴ്സൺ
- മുൻസിപ്പാലിറ്റി സെക്രട്ടറി - കൺവീനർ
- ക്ലീൻ സിറ്റി മാനേജർ - ജോയിന്റ് കൺവീനർ
- മറ്റ് അംഗങ്ങൾ

3. **ഗ്രാമ പഞ്ചായത്ത്**

- ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് -ചെയർപേഴ്സൺ
- ഗ്രാമപഞ്ചായത്ത് സെക്രട്ടറി - കൺവീനർ
- ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി - ജോയിന്റ് കൺവീനർ
- മറ്റ് അംഗങ്ങൾ

8.2.6. വാർഡ് തല / ഡിവിഷൻ തല നിർവ്വഹണ കമ്മിറ്റി

1. വാർഡ് തല നിർവ്വഹണ കമ്മിറ്റി

- വാർഡ് മെമ്പർ - ചെയർപേഴ്സൺ
- ഗ്രാമസഭാ ചുമതലയുള്ള ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ — കൺവീനർ
- എ.ഡി.എസ് ചെയർപേഴ്സൺ — ജോയിന്റ് കൺവീനർ
- മറ്റ് അംഗങ്ങൾ

2. ഡിവിഷൻ തല നിർവ്വഹണ കമ്മിറ്റി

- മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഡിവിഷൻ മെമ്പർ - ചെയർപേഴ്സൺ
- ഡിവിഷൻതല ഗ്രാമസഭാ ചുമതലയുള്ള ഉദ്യോഗസ്ഥർ - കൺവീനർ
- എ.ഡി.എസ് ചെയർപേഴ്സൺ — ജോയിന്റ് കൺവീനർ

9. തദ്ദേശ സ്വയംഭരണ വകുപ്പ് തല പ്രവർത്തനങ്ങൾ

1. ഹ്രസ്വ കാല പദ്ധതികൾ

I. ഖര മാലിന്യ പരിപാലനം

A. ജൈവ മാലിന്യം

a. സംസ്ഥാനത്ത് നിലവിലുള്ള പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പൂർണ്ണ തോതിലുള്ള പ്രവർത്തനം ഉറപ്പാക്കും.

b. ജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കും.

c. സംസ്ഥാനത്തെ 30% വീടുകളിൽ ഏതെങ്കിലും തരത്തിലുള്ള ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കും.

d. 100 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമ്പൂർണ്ണ ജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കി പ്രഖ്യാപനം നടത്തും.

e. 100% ജൈവ മാലിന്യ സംസ്കരണത്തിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലുമുള്ള വീടുകളിലേക്കും സ്ഥാപനങ്ങളിലേക്കും ആവശ്യമായ ഉറവിട ജൈവ മാലിന്യ സംസ്ക്കരണ ഉപാധികൾ, പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ആവശ്യമെങ്കിൽ വൻകിട പ്ലാന്റുകൾ എന്നിവ തിട്ടപ്പെടുത്തി പ്രായോഗികതയിൽ ഊന്നിയുള്ള

ആക്ഷൻ പ്ലാൻ തയ്യാറാക്കും.

f. പുതുതായി ആവശ്യമായ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി കണ്ടെത്തൽ, ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കും.

g. ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉപയോഗിക്കുന്ന എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഇനോക്കുലം ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കാനുള്ള ഉത്പാദന വിതരണ ശൃംഖല പ്രാബല്യത്തിൽ കൊണ്ടുവരും.

h. നഗര തദ്ദേശ സ്ഥാപന തലത്തിൽ കമ്പോസ്റ്റ് ബയോഗ്യാസ് എന്നിവ ഉപയോഗിച്ച് സംസ്കരിക്കാൻ സാധിക്കാത്ത ജൈവ മാലിന്യത്തിന്റെ സംസ്കരണം ഉറപ്പാക്കുന്നതിനായി ഷ്രഡിങ്ങ് അടക്കമുള്ള സംവിധാനങ്ങൾ ഉറപ്പാക്കും.

i. പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംവിധാനത്തിന്റെ ശേഷിക്ക് അനുസരിച്ചുള്ള ജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം ഉറപ്പാക്കും.

j. ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ പ്രവർത്തനം പഠിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനുമായി ഗ്രീൻ ടെക്നിഷ്യന്മാരുടെ സേവനം ഉറപ്പാക്കും, അതിനായി ടോൾ ഫ്രീ നമ്പർ കൊണ്ടുവരും.

k. ജൈവമാലിന്യ സംസ്കരണ ഏജൻസികളുടെയും പുതിയ സാങ്കേതിക വിദ്യകളുടെയും എംപാനൽമെൻറ് വിപുലീകരിക്കും.

l. ഗാർഹിക- കമ്മ്യൂണിറ്റി തല സംവിധാനങ്ങളിൽ നിന്നുണ്ടാകുന്ന കമ്പോസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ശേഖരിക്കുന്നതിനും ഗുണമേന്മയുള്ള വളമാക്കി മാറ്റി കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം സജ്ജീകരിക്കും.

m. ജൈവ മാലിന്യ സംസ്കരണത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായുള്ള ബിസ്സിനസ്സ് കോൺക്ലേവുകൾ നടത്തും.

n. സ്വന്തമായി ജൈവ മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്ത / അംഗീകൃത ഏജസികൾക്ക് ജൈവ മാലിന്യം കൈയൊഴിയാത്ത വൻകിട മാലിന്യ ഉത്പാദകർക്കെതിരെ കർശന നടപടി സ്വീകരിക്കും.

o. തൃശ്ശൂർ, പാലക്കാട് ബയോ സി.ബി.ജി പ്ലാന്റുകളുടെ പൂർത്തീകരണം

B. അറവ് മാലിന്യം

a. സംസ്ഥാനത്തെ മുഴുവൻ മാംസ ഉൽപാദനത്തിന്റെയും

/കശാപ്പ്ശാലകളുടെയും ഡാറ്റ ബേസ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കും.

b. നിലവിൽ കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ചിക്കൻ റെൻഡറിങ് പ്ലാന്റുകളിലെ പ്രവർത്തനങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് പൂർണ്ണമായും പ്രവർത്തനക്ഷമാക്കും. നിർമ്മാണത്തിലുള്ള ആധുനിക അറവു ശാലകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കും.

c. ജില്ലയിൽ മാംസ ഉൽപാദനം/കശാപ്പ് എന്നിവയുടെ അളവ് കണക്കാക്കി ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംയുക്ത പ്രോജക്ടുകളായി ആധുനിക അറവുശാലകൾ സ്ഥാപിക്കുവാനുള്ള പദ്ധതികൾ ഏറ്റെടുക്കും.

d. നിലവിൽ ചിക്കൻ റെൻഡറിങ് പ്ലാന്റ് ഇല്ലാത്ത തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി PPP മാതൃകയിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും .

e. മാംസ ഉൽപാദനം/കശാപ്പ് ചെയ്യുന്ന സ്ഥാപനങ്ങൾ അംഗീകൃത പ്ലാന്റുകൾക്ക് മാലിന്യം കൈമാറുന്നു എന്ന് ഉറപ്പാക്കും. ആയത് ലൈസൻസിന് വിധേയമാക്കൽ.

C. അജൈവ മാലിന്യം

a. സമ്പൂർണ്ണ വാതിൽപ്പടി ശേഖരണത്തിന്റെ സുസ്ഥിരത ഉറപ്പാക്കും.

b. മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും കലണ്ടർ പ്രകാരമുള്ള പാഴ് വസ്തു ശേഖരണം ഉറപ്പാക്കും.

c. ഹരിതകർമ്മ സേനയുടെ എണ്ണം കുറവുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുറവ് നികത്തും.

d. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ലിഫ്റ്റിങ് പ്ലാനും ട്രാൻസ്പോർട്ടേഷൻ പ്ലാനും പ്രകാരമുള്ള അജൈവ മാലിന്യ ശേഖരണവും കൈമാറ്റവും ഉറപ്പാക്കും.

e. മാലിന്യ സംഭരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ ഊർജ്ജിതമാക്കും.

f. നിലവിൽ യാതൊരു ശേഖരണ സംവിധാനവുമില്ലാത്ത 2 5 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, സ്വന്തമായി കെട്ടിടം ലഭ്യമല്ലായെങ്കിൽ അനുയോജ്യമായ ഗോഡൗൺ/വെയർ ഹൗസ് വാടകയ്ക്ക് എടുത്തെങ്കിലും താൽക്കാലികമായി എം.സി.എഫ് സ്ഥാപിച്ച് പ്രവർത്തനക്ഷമാക്കും.

g. എല്ലാ നഗര സഭകളിലും അജൈവ മാലിന്യ ശേഖരണത്തിന് ആവശ്യമായ ശേഷിയുള്ള വാഹനം സൗകര്യം (സ്വന്തം/വാടകയ്ക്ക്)

ഉറപ്പാക്കും.

h. അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കും.

i. അജൈവ മാലിന്യം ശേഖരിക്കുന്ന സ്വകാര്യ ഏജൻസികളുടെ സമ്പൂർണ വിവരശേഖരണവും മോണിറ്ററിംഗും ഉറപ്പാക്കും.

j. എല്ലാ തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്ക്രാപ്പ് ഡീലർമാർ/ യാർഡുകൾ/ ഗോഡൗണുകൾ എന്നിവയുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതോടൊപ്പം അത്തരം സ്ഥാപനങ്ങൾ പരിസ്ഥിതിക്ക് ദോഷം വരുത്തുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനുള്ള IEC പ്രവർത്തനങ്ങൾ ഉറപ്പാക്കും.

k. പുതുതായി ആരംഭിക്കുന്ന 12 ആർ.ഡി.എഫ്. പ്ലാന്റുകളിലേക്ക് അംഗീകൃത ഏജൻസികൾ മുഖേന ലഭിക്കുന്ന റിജക്ട് മാലിന്യം എത്തിച്ച്, അത് പൂർണ്ണമായും ആർ.ഡി.എഫ്. ആയി പരിവർത്തനം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കും.

D. സാനിറ്ററി മാലിന്യം

a. റീജിയണൽ സാനിറ്ററി പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാകുന്നതനുസരിച്ച്, സാനിറ്ററി മാലിന്യത്തിന്റെ ശേഖരണം, താൽക്കാലിക സംഭരണം, ഗതാഗതം എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ശേഖരണ പ്ലാൻ തയ്യാറാക്കി അയതിന്റെ അടിസ്ഥാനത്തിൽ ശേഖരണം ആരംഭിക്കും.

b. സാനിറ്ററി മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണത്തിന്റെ ആവശ്യകത ജനങ്ങളെ ബോധവത്കരിക്കുന്നതിന് ശക്തമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തും.

c. കേന്ദ്രീകൃത സാനിറ്ററി മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കും.

d. രണ്ട് റീജിയണൽ പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കും.

E. സ്പെഷ്യൽ കെയർ മാലിന്യങ്ങൾ

a. കാലഹരണപ്പെട്ട മരുന്നുകൾ

i. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ കേന്ദ്രങ്ങൾ/ആശുപത്രികൾ എന്നിവയുമായി സഹകരിച്ച് "Take-Back/Drop-off Points" സ്ഥാപിക്കുക. വീടുകളിൽ അവശേഷിക്കുന്ന കാലഹരണപ്പെട്ട ഗുളികകളും സിറപ്പുകളും ഇതുവഴി ശേഖരിക്കും..

ii. കാലാവധി കഴിഞ്ഞ മരുന്നുകൾ ശാസ്ത്രീയമായി ഇൻസിനറേഷൻ (Incineration) ചെയ്യുന്നതിനായി ഇമേജ്, കെ.ഇ.ഐ.എൽ പോലുള്ള അംഗീകൃത ബയോ-മെഡിക്കൽ ഏജൻസികളുമായി ക്ലീൻ കേരള കമ്പനി ധാരണാപത്രം (MoU) തയ്യാറാക്കി തദ്ദേശസ്ഥാപനങ്ങളിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള /നിർദ്ദേശിക്കുന്ന ഇടവേളകളിൽ ശേഖരിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കും.

b. ബാറ്ററികളും മെർക്കുറി മാലിന്യങ്ങളും (ബാറ്ററികൾ, സി.എഫ്.എൽ./ഫ്ലൂറസെന്റ് ബൾബുകൾ, തെർമോമീറ്ററുകൾ):

i. തദ്ദേശ സ്ഥാപനങ്ങളിലെ മുഴുവൻ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലും, ട്യൂബ്‌ലൈറ്റ്, സി.എഫ്.എൽ, മെർക്കുറി തെർമോമീറ്റർ, ബാറ്ററികൾ എന്നിവ സൂക്ഷിക്കുന്നതിനായി പ്രത്യേക സുരക്ഷിത കണ്ടെയ്നറുകളും അറകളും സജ്ജമാക്കും.

ii. ഹരിതകർമ്മ സേന മുഖേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കലണ്ടർ പ്രകാരം അല്ലെങ്കിൽ ദ്വിമാസ അടിസ്ഥാനത്തിൽ മെർക്കുറി/ബാറ്ററി മാലിന്യങ്ങൾ മാത്രമായി ശേഖരിക്കുന്ന പ്രത്യേക ഡ്രൈവുകൾ സംഘടിപ്പിക്കും .

c. ഗാർഹിക രാസമാലിന്യങ്ങൾ (പെയിന്റ്, തിന്നർ, പേസ്റ്റിസൈഡ്സ്, ക്ലീനിങ് സോൾവെന്റ്സ്):

i. പെയിന്റ് പാട്ടകൾ, കീടനാശിനി കുപ്പികൾ, തിന്നർ പാട്ടകൾ എന്നിവ അലക്ഷ്യമായി കത്തിക്കുന്നതിനോ കുഴിച്ചുമൂടുന്നതിനോ എതിരെ കർശന നിരോധനം ഏർപ്പെടുത്തുകയും ബോധവൽക്കരണം നടത്തുകയും ചെയ്യും.

ii. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഇത്തരം രാസമാലിന്യങ്ങൾ സുരക്ഷിതമായി ശേഖരിക്കാനും കൈകാര്യം ചെയ്യാനുമുള്ള വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളും (PPE kits) പ്രത്യേക പരിശീലനവും നൽകും.

d. രജിസ്ട്രേഷനും എംപാനൽമെന്റും

i. ഈ വിഭാഗത്തിൽപ്പെടുന്ന അപകടകരമായ മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ (KSPCB) അംഗീകാരമുള്ള റീസൈക്ലിംഗ്/TSDF (ട്രീറ്റ്മെന്റ്, സ്റ്റോറേജ്, ഡിസ്പോസൽ, ഫെസിലിറ്റി) ഏജൻസികളെ സംസ്ഥാന/ജില്ലാതലത്തിൽ എംപാനൽ ചെയ്യും.

F. ഇ-മാലിന്യം

a. പണം നൽകിയുള്ള ഇ-മാലിന്യ ശേഖരണം എല്ലാ കോർപ്പറേഷനുകളിലും നഗരസഭകളിലും 3 മാസത്തിലൊരിക്കലും, എല്ലാ ഗ്രാമ പഞ്ചയത്തുകളിലും 6 മാസത്തിലൊരിക്കലും നടപ്പിലാക്കും.

b. സംസ്ഥാനത്ത് കുറഞ്ഞത് ഒരു ഇ-മാലിന്യ പുനഃചംക്രമണ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവർത്തനത്തിന് തുടക്കം കുറിക്കും.

G. മുടി മാലിന്യം

a. മുടി മാലിന്യ സംസ്കരണത്തിനായി കൂടുതൽ ഏജൻസികളെ കണ്ടെത്തുകയും സ്റ്റാർട്ട് അപ്പുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സംസ്ഥാനത്തെ മുഴുവൻ ബ്യൂട്ടി പാർലറുകളും / ബാർബർ ഷോപ്പുകളും അംഗീകാരമുള്ള ഏജൻസികൾക്ക് മാത്രം മുടി മാലിന്യം കൈമാറുന്നു എന്ന് ഉറപ്പാക്കും. ഉറവിടത്തിൽ മുടി, ബ്ലേഡ്, സോപ്പ് പുരണ്ട ഈർപ്പമുള്ള മാലിന്യം, പ്ലാസ്റ്റിക് വസ്തു, പേപ്പർ, മനുഷ്യ നഖം, എന്നിവ തരം തിരിച്ചു ശേഖരിക്കുന്നത് നിർബന്ധമാക്കും ഇത് ലൈസൻസ് നിബന്ധനകളിൽ ഉൾപ്പെടുത്തും.

b. തദ്ദേശ സ്ഥാപനങ്ങൾ വഴി മുടി മാലിന്യത്തിന്റെ പരിപാലന മോണിറ്ററിംഗ് ശക്തമാക്കും.

H. ബയോ മെഡിക്കൽ മാലിന്യം

a. ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ബയോ മെഡിക്കൽ മാലിന്യത്തിന്റെ സംസ്കരണവും മോണിറ്ററിംഗും, നടത്തുന്നതിനാവശ്യമായ പിന്തുണ സംവിധാനം ഉറപ്പാക്കും.

b. ബയോ മെഡിക്കൽ മാലിന്യം മറ്റു പൊതു മാലിന്യത്തിനൊപ്പം കലരാതിരിക്കുന്നതിനു വേണ്ട മുൻകരുതലുകൾ സ്ഥാപനത്തിന്റെ ചുമതലയുള്ളവർ കൈക്കൊള്ളേണ്ടതാണ്. ഇതിനു വിരുദ്ധമായി പൊതു മാലിന്യത്തിൽ ബയോ മെഡിക്കൽ മാലിന്യം കലരുന്നത് ശ്രദ്ധയിൽ പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനം പിഴ ഉൾപ്പടെയുള്ള ശിക്ഷ നടപടികൾ സ്വീകരിക്കും.

I. സി&ഡി മാലിന്യം

a. എല്ലാ ജില്ലകളിലും സംഭരണ സംവിധാനം ഉറപ്പാക്കുകയും,

b. മേഖല അടിസ്ഥാനത്തിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പുനഃചംക്രമണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കും.

c. നഗരസഭകളിൽ പ്രവർത്തിക്കുന്ന വൻകിട കെട്ടിട നിർമ്മാതാക്കൾ ഉത്പ്പാദിപ്പിക്കുന്ന നിർമിതി മാലിന്യം പുനഃചംക്രമണം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കും

സാനിറ്ററി ലാൻഡ്ഫിൽ

a. സംസ്ഥാനത്ത് റീജിയണൽ/ക്ലസ്റ്റർ അടിസ്ഥാനത്തിൽ ശാസ്ത്രീയ ലാൻഡ്ഫില്ലുകൾ (SLF) സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കും.

b. കണ്ടെത്തിയ സ്ഥലങ്ങളിൽ പരിസ്ഥിതി ആഘാത പഠനം (EIA), ഹൈഡ്രോളജിക്കൽ സർവേ, മലിനീകരണ നിയന്ത്രണ

ബോർ ഡിന്റെ (KSPCB) അനുമതികൾ എന്നിവ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കും.

c. തദ്ദേശ സ്ഥാപനങ്ങളുടെ പഴയ മാലിന്യക്കൂമ്പാരങ്ങൾ (Legacy waste dump sites) ബയോ-മൈനിംഗ് വഴി വീണ്ടെടുക്കുന്ന ഭൂമി മുൻഗണനാടിസ്ഥാനത്തിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായി നീക്കിവെയ്ക്കും.

d. നിലവിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലും (MCF) സംസ്കരണ പ്ലാന്റുകളിലും അടിഞ്ഞുകൂടുന്ന ഇനേർട്ട്, നോൺ-റീസൈക്ലബിൾ റിജക്ട് മാലിന്യങ്ങളുടെ അളവ് തിട്ടപ്പെടുത്തുന്നതിന് വേസ്റ്റ് ക്യാരക്ടറൈസേഷൻ ഓഡിറ്റ് നടത്തും.

e. ഗാർബേജ് വൾണറബിൾ പോയിന്റുകൾ(GVP) കണ്ടെത്തുകയും മാലിന്യം നീക്കം ചെയ്യൽ പ്രവർത്തനം ആരംഭിക്കും.

f. മാലിന്യം കൂട്ടിയിടാൻ സാധ്യതയുള്ള 'ഹോട്ട് സ്പോട്ടുകൾ' കണ്ടെത്തുകയും നിരീക്ഷണ ക്യാമറ സ്ഥാപിക്കും.

ഹരിതകർമ്മസേന

a. ഹരിതകർമ്മ സേനയുടെ എണ്ണം കുറവുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിടവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും

b. ഹരിതകർമ്മ സേന അംഗങ്ങളുടെ വരുമാനനത്തിൽ 10% മുതൽ 20% വരെ വർദ്ധനവ് ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനം നടത്തും.

c. എല്ലാ ഹരിതകർമ്മ സേന അംഗങ്ങൾക്കും സുരക്ഷാ സാമഗ്രികൾ ഉറപ്പാക്കും

d. ഹരിതകർമ്മ സേനയുടെ നിലവിലെ സംരംഭ രൂപം പുനസംഘടിപ്പിച്ച് ഏറ്റവും അനുയോജ്യമായ സംരംഭ രൂപത്തിലേക്ക് മാറ്റുക. ഈ സംരംഭരൂപം അനുസരിച്ച് ഹരിത കർമ്മ സേനയുടെ പ്രവർത്തന രീതി, ഘടന, സാമ്പത്തികകാര്യങ്ങൾ എന്നിവയിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തൽ.

e. ഹരിത കർമ്മ സേനയുടെ പ്രൊഫഷണൽവൽക്കരണം, കാര്യശേഷി വികസനം, ആവശ്യമായ ഉപകരണങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കും.

L. സർക്കുലർ എക്കണോമി

a. **കാർബൺ ക്രെഡിറ്റ്** : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലൂടെ നിന്ന് കാർബൺ ക്രെഡിറ്റ്

ഉത്പാദിപ്പിക്കുന്നതിനുള്ള മികച്ച പ്രായോഗിക മാതൃക തിരഞ്ഞെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമം തയ്യാറാക്കും.

b. **വിപുലീകൃത ഉത്പാദകരുടെ ഉത്തരവാദിത്തം** (E P R) തദ്ദേശ സ്ഥാപനങ്ങളിലെ MCF/RRF-കൾ CPCB ഇപിആർ (EPR) പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും, ഉൽ പ്പാദകരുമായി (PIBOs/PROs) സഹകരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് അർഹമായ ഇപിആർ സാമ്പത്തിക ഫണ്ട് ലഭ്യമാക്കുകയും ചെയ്യുക.

c. **സുസ്ഥിര വികസന ലക്ഷ്യങ്ങൾ** (SDGs) എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും 100% ഉറവിട മാലിന്യ തരംതിരിക്കലും ശാസ്ത്രീയ സംസ്കരണവും ഫലപ്രദമായ നിയമപാലനവും ഉറപ്പാക്കി 2030 തോടെ സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും.

II. ദ്രവ മാലിന്യം

A. FSTP & STP

a. നിർമ്മാണത്തിലിരിക്കുന്ന മംഗൽപാടി, കരുനാഗപ്പള്ളി, വർക്കല, ചേലോറ എഫ്.എസ്.റ്റി.പികൾ കമ്മീഷൻ ചെയ്യും.

b. സ്ലഡ്ജ് സംസ്കരിക്കുന്നതിന് രാജ്യത്തിന് തന്നെ മാതൃകയാകുന്ന ഓമ്നി പ്രൊസസർ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിക്കും.

c. പ്രവർത്തനരഹിതമായ ദ്രവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

d. ശാസ്ത്രീയമായ സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം സംബന്ധിച്ചും, വെള്ളത്തിന്റെ മിതമായ ഉപഭോഗം/ സംസ്കരിച്ച ജലത്തിന്റെ പുനരുപയോഗം സംബന്ധിച്ചും, കുടിവെള്ള സ്രോതസ്സും സെപ്റ്റിക്ക് ടാങ്കും തമ്മിൽ കർശനമായും പാലിച്ചിരിക്കേണ്ട അകലം സംബന്ധിച്ചുമുള്ള ബോധവൽക്കരണം നടത്തും .

e. മലിന ജലം മൂലമുള്ള വിപത്തുകൾ ബോധ്യപ്പെടുത്തുക, ഗ്രേ വാട്ടർ, കക്കൂസ് മാലിന്യം എന്നിവ കൃത്യമായി സംസ്കരിക്കുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഉറപ്പുവരുത്തുക തുടങ്ങിയ പൊതു വിദ്യാഭ്യാസ പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുമായി പ്രത്യേക ക്യാമ്പയിൻ ആരംഭിക്കും.

f. ദ്രവ മാലിന്യ സംസ്ക്കരണ സംവിധാങ്ങളിൽ നിന്നുള്ള ശുദ്ധികരിച്ച ജലം അനുയോജ്യമായ ആവശ്യങ്ങൾക്ക് പുനരുപയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കും.

g. ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സംബന്ധിച്ച ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള ഏകോപനം

ഉറപ്പുവരുത്തും

h. സ്ഥാപനതലത്തിൽ ദ്രവമാലിന്യ പദ്ധതികളുടെ ഗ്യാപ്പ് കണ്ടെത്തി ആവശ്യമായ എല്ലാ സ്ഥലങ്ങളിലും ഇവയ്ക്കായുള്ള പ്രോജക്ടുകൾ ഉറപ്പാക്കും.

i. നിലവിലെ STP,FSTP പ്ലാന്റുകളിലെ സ്ലറി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കും.

j. തോടുകൾ, കുളങ്ങൾ, ജലാശയങ്ങൾ, പൊതുസ്ഥലങ്ങൾ, റോഡുകൾ എന്നിവിടങ്ങളിലേക്ക് മലിനജലം, കക്കൂസ് മാലിന്യം എന്നിവ ഒഴുക്കുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തും.

k. ഉദ്യോഗസ്ഥർക്ക് ദ്രവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകും

B പൊതു ശുചിമുറികൾ

a. പൊതു സ്ഥലങ്ങളിൽ വൃത്തിയുള്ള ശുചിമുറികൾ ഉറപ്പാക്കും.

b. വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പൊതു ഇടങ്ങളിലും പ്രവർത്തിക്കുന്ന പൊതു ശുചിമുറികൾ ശുചിത്വ മിഷൻ തയ്യാറാക്കിയ SOP പ്രകാരമുള്ള പ്രവർത്തനം ഉറപ്പാക്കും.

c. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള പൊതു ശൗചാലയങ്ങളുടെ പ്രവർത്തനവും പരിപാലനവും ഉറപ്പാക്കുന്നതിനുള്ള ഒരു ചട്ടക്കൂട് രൂപീകരിക്കും.

d. ഗ്രാമീണ മേഖലയിലെ ടേക്ക് എ ബ്രേക്ക് ഉൾപ്പെടെയുള്ള പൊതു ശൗചാലയങ്ങളുടെ മാപ്പിംഗും ഗ്യാപ്പും കണ്ടെത്തും.

e. എല്ലാ ടേക്ക് എ ബ്രേക്കുകളുടേയും പ്രവർത്തനം ഉറപ്പാക്കും.

f. നിലവിലുള്ള പൊതു ശുചിമുറികളുടെ ഡാറ്റ ബേസ് തയ്യാറാക്കും.

g. ക്ലീൻ ആപ്ലിക്കേഷനിൽ കൂടുതൽ പൊതുശുചിമുറികൾ ഉൾപ്പെടുത്തും.

h. എല്ലാ പൊതു ശുചിമുറി സമുച്ചയങ്ങളിലേയും വനിതാ ശുചിമുറികളിൽ സാനിട്ടറി മാലിന്യ നിക്ഷേപത്തിന് ചുവന്ന ബിന്നുകൾ സ്ഥാപിക്കൽ, പൊതു ശുചിമുറികളിലെ ശേഖരണ ബിന്നുകളിലെത്തുന്ന സാനിറ്ററി മാലിന്യത്തിന്റെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കും.

i. എല്ലാ പൊതു ശുചിമുറികൾക്കും റേറ്റിംഗ് സംവിധാനം കൊണ്ടുവരും

III. വൻകിട മാലിന്യ ഉത്പാദകർ

a. 2026-ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന

ഉത്തരവാദിത്തങ്ങളെ സംബന്ധിച്ച് ബോധവത്കരണം നൽകും.

b. വൻകിട മാലിന്യ ഉത്പാദകരേമായും ബന്ധപ്പെട്ട വിശദമായ മാർഗരേഖ പ്രാബല്യത്തിൽ കൊണ്ടുവരും.

c. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വൻകിട മാലിന്യ ഉത്പാദകരെയും സംബന്ധിച്ച വിവരങ്ങളും ഹരിതമിത്രം ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ കൊണ്ടുവരും.

d. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വൻകിട മാലിന്യ ഉത്പാദകരുടെയും രജിസ്ട്രേഷൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കേന്ദ്രീകൃത ഓൺലൈൻ പോർട്ടലിൽ ഉറപ്പാക്കും.

e. നിലവിലുള്ള എല്ലാ വൻകിട മാലിന്യ ഉത്പാദകരും ഉറവിട ജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കും. ഉറവിട ജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കാൻ സാധിക്കാത്ത വൻകിട മാലിന്യ ഉത്പാദകർ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ഇളവ് (Exemption) വാങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അംഗീകൃത ഏജൻസികൾക്കോ കൈമാറുന്നു എന്ന് ഉറപ്പാക്കും. ഉറപ്പാക്കാത്ത വൻകിട മാലിന്യ ഉത്പാദകർക്കെതിരെ നിയമനടപടികൾ സ്വീകരിക്കും.

f. നിർമ്മാണത്തിൽ ഇരിക്കുന്നതും, പുതുതായി പ്രവർത്തനം ആരംഭിക്കാൻ തുടങ്ങുന്ന എല്ലാ വൻകിട മാലിന്യ ഉത്പാദകരും തങ്ങളുടെ ജൈവ മാലിന്യങ്ങളും പൂന്തോട്ടത്തിലെ മാലിന്യങ്ങളും (ഹോർട്ടികൾച്ചർ) സ്വന്തമായി സംസ്കരിക്കാനുള്ള സംവിധാനങ്ങൾ അടക്കം നിർബന്ധമായും ഒരുക്കുന്നു എന്നു ഉറപ്പാക്കും.

g. എല്ലാ വൻകിട മാലിന്യ ഉത്പാദകർ ഉത്പാദിപ്പിക്കുന്ന അജൈവ മാലിന്യം അംഗീകൃത ഏജൻസികൾക്ക് മാത്രം കൈമാറുന്നു എന്നുള്ളത് പ്രാവർത്തികമാക്കും

h. എല്ലാ വൻകിട മാലിന്യ ഉത്പാദകരും ഉത്പാദിപ്പിക്കുന്ന മലിനജലം, ദ്രവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഒരു വർഷത്തിനുള്ളിൽ ഉറപ്പാക്കും.

i. വിനോദസഞ്ചാര കേന്ദ്രങ്ങൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ സ്ഥാപനങ്ങൾ, BWG കേന്ദ്രങ്ങൾ, പൊതു റോഡുകൾ തുടങ്ങിയ എല്ലാ പൊതുയിടങ്ങളിലും ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ സുസ്ഥിര ഗ്രേഡിംഗ് സംവിധാനം ഉറപ്പാക്കുക.

j. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഗ്രേഡിംഗ് സംവിധാനം ഉറപ്പാക്കും.

IV. പൊതു സ്ഥലങ്ങൾ

a. മഴവൻ ഗാർബേജ് വൾനറബിൾ(G V P) പോയിൻകളും മാപ് ചെയ്

അടിയന്തരമായി നീക്കം ചെയ്യും.

b. പൊതുവിടങ്ങൾ, പൊതു വഴികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റുകൾ, ബസ് സ്റ്റോപ്പുകൾ, ബീച്ചുകൾ, മാർക്കറ്റുകൾ, നൈറ്റ് ലൈഫ് കേന്ദ്രങ്ങൾ, പാർക്കുകൾ എന്നിവിടങ്ങളിൽ ദിനംപ്രതിയുള്ള സ്വീപ്പിംഗ് ഉറപ്പാക്കൽ (നഗര മേഖലകളിൽ 2 തവണയും, ഗ്രാമീണ മേഖലയിൽ 1 തവണയും പ്രതിദിനം പൊതു ശുചീകരണം ഉറപ്പാക്കും.

c. എൻ.എസ്.എസ്സിന്റെ സഹകരണത്തോടെ സ്നേഹാരാമങ്ങൾ പുനരുജ്ജീവിപ്പിക്കും.

d. മുഴുവൻ പൊതുസ്ഥലങ്ങളിലും മാലിന്യം തരംതിരിച്ചു നിക്ഷേപിക്കാനുള്ള പൊതുബിന്നുകൾ സ്ഥാപിക്കും.

e. പൊതുസ്ഥലങ്ങളിൽ നിയമ നടപടികളുമായി ബന്ധപ്പെട്ട IEC ബോർഡുകൾ സ്ഥാപിക്കും.

f. സ്ട്രീറ്റ് സ്വീപ്പിങ് & ബിൻ മാനേജ്മെന്റ് എസ്.ഒ.പികൾ പ്രബല്യത്തിൽ കൊണ്ടുവരും.

g. പൊതു സ്ഥലങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ കൊണ്ടുവരും.

h. ഓടകൾ, കാനകൾ മൂന്ന് മാസത്തിൽ ഒരിക്കൽ ശുചീകരിക്കും.

V. ഡിജിറ്റലൈസേഷൻ

a. വാതിൽപ്പടി ശേഖരണം മുതൽ സംസ്കരണം വരെയുള്ള അജൈവ മാലിന്യ നീക്കത്തിന്റെ സമ്പൂർണ്ണ ട്രാക്കിങ് ഉറപ്പാക്കും.

b. ഹരിതമിത്രം പോർട്ടലിൽ സിറ്റിസൺ അപ്ലിക്കേഷൻ ലോഞ്ച് ചെയ്യും.

c. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിന്റെ യൂസർ ഫീ ശേഖരണം സമ്പൂർണ്ണ ഓൺലൈൻ / ഡിജിറ്റലൈസേഷനിലേക്ക് മാറ്റും.

d. ജൈവ മാലിന്യം ശേഖരണം, ട്രാൻസ്പോർട്ടേഷൻ, സംസ്കരണം എന്നിവ നിരീക്ഷിക്കുന്നതിനുള്ള മൊഡ്യൂൾ തയ്യാറാക്കി പരീക്ഷണ ഘട്ടം പൂർത്തിയാക്കും.

e. ഡിമാൻഡ് സർവീസ് രജിസ്ട്രേഷൻ & ബുക്കിംഗ് സംവിധാനം (100 ൽ അധികം ആളുകൾ പങ്കെടുക്കുന്ന വിവാഹം, പിറന്നാൾ പാർട്ടികൾ തുടങ്ങിയ വലിയ പരിപാടികൾ നടക്കുന്ന സമയത്ത് മാലിന്യം കൈകാര്യം ചെയ്യുന്നതിനായും അധികം മാലിന്യം വരുന്ന സാഹചര്യത്തിൽ അധിക ശേഖരണം തുടങ്ങിയ ഹരിതകർമ്മ സേനയുടെ/സാനിറ്ററി വർക്കർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരും.

f. [illegible]

f. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഹരിതമിത്രം സിറ്റിസൺ അപ്ലിക്കേഷനിൽ സംവിധാനം കൊണ്ടുവരും.

g. മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഏകീകൃത വാട്സാപ്പ് നമ്പറിന്റെ സോഫ്റ്റ്വെയർ സംവിധാനം മെച്ചപ്പെടുത്തി പരാതി സ്വീകരിക്കലും തുടർനടപടികളും കാര്യക്ഷമാക്കും.

h. നിയമലംഘനം റിപ്പോർട്ട് ചെയ്യുന്നതു മുതൽ പിഴ ഈടാക്കുന്നതും കേസ് തീർപ്പാക്കുന്നതും വരെയുള്ള നടപടികളുടെ ഡിജിറ്റൽ ട്രാക്കിംഗ്, നിരീക്ഷണം, തത്സമയ അപ്ഡേഷൻ എന്നിവയ്ക്കായി ഹരിതമിത്രം ആപ്ലിക്കേഷനിൽ പ്രത്യേക എൻഫോഴ്സ്മെന്റ് മോഡ്യൂൾ ഉൾപ്പെടുത്തും.

i. മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ദൈനംദിന നിരീക്ഷണം ഉറപ്പാക്കുന്നതിനും അവലോകനത്തിനും കൺട്രോൾ റൂം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

VI. നിയമം

a. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026-ന് അനുസൃതമായി സംസ്ഥാനത്തിന്റെ 2018-ലെ മാലിന്യ പരിപാലന നയം പരിഷ്കരിക്കും.

b. 2026-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, അനുസൃതമായി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തും.

c. കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയുടെ കീഴിൽ ആവശ്യമായ പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരും.

Draft User Fee for Door to Door Collection of Solid Waste Rules

- Draft Benefits for Residents Near Waste Treatment Centers Rules
- Draft Waste Management Fund Rules

d. കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ടിലും ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട ഭേദഗതി കൊണ്ടുവരും.

e. ബയോ-മൈനിംഗിലൂടെ വീണ്ടെടുക്കുന്ന ഡംപ്സൈറ്റ് ഭൂമി മാലിന്യ പരിപാലന ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കുന്നതിനുള്ള വ്യവസ്ഥ കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്ത് രാജ് ആക്ടിലും ആവശ്യമായ നിയമഭേദഗതിയിലൂടെ ഉൾപ്പെടുത്തും.

f. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026-ന് അനുസൃതമായി മലയോര, ദ്വീപ്, തീരദേശ മേഖലകൾക്കുള്ള പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തി സംസ്ഥാനതല മോഡൽ ബൈ-ലോ തയ്യാറാക്കി പ്രാബല്യത്തിൽ കൊണ്ടുവരും.

g. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളോ സർക്കുലറുകളോ ആവശ്യമായ വിഷയങ്ങൾ കണ്ടെത്തി അവ തയ്യാറാക്കി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

h. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2026-ന് അനുസൃതമായി വൻകിട മാലിന്യ ഉത്പാദകരുടെ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കി, അവ പാലിക്കുന്നത് ലൈസൻസ് അനുവദിക്കുന്നതിനും പുതുക്കുന്നതിനുമുള്ള വ്യവസ്ഥയാക്കും.

i. മലയോര, ദ്വീപ്, തീരദേശ മേഖലകൾ ഉൾപ്പെടെയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ മാലിന്യ നിയന്ത്രണം ശക്തിപ്പെടുത്തുന്നതിനായി ആവശ്യാനുസരണം ചെക്ക് പോസ്റ്റുകൾ, പ്രവേശന ഫീസ്, ഇ-പാസ് (e-Pass) തുടങ്ങിയ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിയമപരവും ഭരണപരവുമായ നടപടികൾ സ്വീകരിക്കും.

j. മോഡൽ ഖരമാലിന്യ ബൈ-ലോയുടെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2027 മാർച്ച് 31-നകം ബൈ-ലോ കൊണ്ടുവരും.

k. വാർഡ്, തദ്ദേശ സ്വയംഭരണ തലങ്ങളിലെ എല്ലാ വൻകിട മാലിന്യ ഉൽപ്പാദകരെയും കണ്ടെത്തുകയും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ കേന്ദ്രീകൃത പോർട്ടലിൽ അവരുടെ രജിസ്ട്രേഷൻ ഉറപ്പാക്കുകയും ചെയ്യും.

l. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ കൈമാറ്റം അംഗീകൃത മാലിന്യ ശേഖരണ/സംസ്കരണ ഏജൻസികൾക്ക് മാത്രമാണെന്ന് ഉറപ്പാക്കും.

II. നിയമ നടപടികൾ

a. തദ്ദേശ സ്വയംഭരണ സ്ഥാപന എൻഫോഴ്സ്മെന്റ് സ്കോഡുകളുടെ പ്രവർത്തനങ്ങളെ ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ശക്തമായി നിരീക്ഷിക്കും.

b. കൃത്യമായ ഇടവേളകളിൽ എല്ലാ സ്ക്വാഡുകളുടെയും ഫീൽഡ് തല പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ ജോയിന്റ് ഡയറക്ടർ അവലോകന യോഗം നടത്തും.

c. നഗരപ്രദേശങ്ങളിലെപ്പോലെ പഞ്ചായത്തുകളിലും എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തും. ആയതിനായി താൽക്കാലിക ഹെൽത്ത്

ഇൻസ്പെക്ടർമാർക്ക് അധികാരം നൽകുകയോ സ്ഥിരം ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുകയോ ചെയ്യ കൊണ്ട് ഓരോ ഗ്രാമപഞ്ചായത്തിലെയും ആരോഗ്യ വിഭാഗത്തെ ശക്തിപ്പെടുത്തും.

d. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ വീഴ്ച്ചവരുത്തുന്ന (കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്താതിരിക്കുക, പിഴ ചുമത്തിയിട്ടും ഈടാക്കാതിരിക്കുക തുടങ്ങിയവ) ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കും, അതിനായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ കൺട്രോൾ റൂം ശക്തിപ്പെടുത്തും.

e. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ഏകോപിപ്പിച്ച് നിരോധിത ഉത്പന്നങ്ങളുടെ ഏകീകൃത പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും പുതുതായി നിരോധിക്കപ്പെടുന്ന ഉത്പന്നങ്ങൾ ഉൾപ്പെടുത്തി പട്ടിക കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യും.

f. വ്യാജ കമ്പോസ്റ്റബിൾ ഉത്പന്നങ്ങളുടെ നിർമ്മാണം, വിപണനം, ഉപയോഗം എന്നിവ നിയന്ത്രിക്കുന്നതിനുള്ള സാധ്യതകളുമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് പരിശോധിക്കുകയും ആവശ്യമായ നിയമ-എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യും.

g. മാലിന്യം സ്ഥിരമായി തള്ളുന്ന ഇടങ്ങൾ, ഭീഷണി നേരിടുന്ന ജലാശയങ്ങൾ, മാലിന്യ കൂമ്പാരങ്ങൾ എന്നിവ കണ്ടെത്തി മാപ്പ് ചെയ്യും. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, മാർക്കറ്റുകൾ, GVPകൾ, ഓഡിറ്റോറിയങ്ങൾ, ജലാശയങ്ങൾ കേന്ദ്രീകരിച്ച് ഇൻസ്പെക്ഷനുകൾ നടത്തും

h. മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളും അറിയിക്കാനുള്ള സിംഗിൾ വാട്സാപ്പ് നമ്പറിന് കൂടുതൽ പ്രചാരം നൽകും. ഈ സംവിധാനത്തിലൂടെ പരാതികൾ നൽകാൻ പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള റിവാർഡ് സംവിധാനം മെച്ചപ്പെടുത്തും. ഇതിനോടൊപ്പം നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നവർക്കുള്ള അർഹമായ പാരിതോഷികം കാലതാമസമില്ലാതെ വിതരണം ചെയ്യുകയും ചെയ്യും.

i. മാലിന്യം ജലാശയങ്ങളിലേക്ക് പ്രവേശിക്കുന്ന ingress points കണ്ടെത്തി സ്ഥിരമായ നിരീക്ഷണവും പ്രതിരോധ നടപടികളും സ്വീകരിക്കും.

j. പോലീസിന്റെയും പി.സി.ബിയുടെയും സഹായം നേടുന്നതിനായി ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശപ്രകാരം ജില്ലാ കളക്ടർ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക സെല്ലിന്റെ ഭാഗമായി പി.സി.ബിയെയും പോലീസിനേയും ചേർത്ത് യോഗം നടത്തും.

k. ക്യാമറ ഉപയോഗിച്ചുള്ള നിരീക്ഷണം ശക്തമാക്കുകയും നിയമലംഘനങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുകയും

ചെയ്യും.

- ക്യാമറ നിരീക്ഷണം വിപുലീകരിക്കുകയും അവ ഇടയ്ക്കിടെ വിവിധ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്യും.

- ക്യാമറ ദൃശ്യങ്ങൾ പരിശോധിക്കുന്നതിനായി പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുക, നിയമലംഘനങ്ങളുടെ ദൃശ്യങ്ങൾ കണ്ടെത്തി വേർതിരിച്ച് സൂക്ഷിക്കുകയും സെക്രട്ടറിക്ക് സമയബന്ധിതമായി കൈമാറുകയും ചെയ്യും.

- ഇതിന്റെ പ്രവർത്തനവും പരിപാലനവും നടത്താൻ ഒരു ഏജൻസിയെ ചുമതലപ്പെടുത്തും

- സിസിടിവി നിരീക്ഷണത്തെ അടിസ്ഥാനമാക്കി പൊതുഇടങ്ങളിലും, ജലാശയങ്ങളിലും മാലിന്യ നിക്ഷേപ സാധ്യതാ കേന്ദ്രങ്ങൾ (G.V.P.) കളിലും മാലിന്യം തള്ളുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കർശനമായ നിയമനടപടികൾ സ്വീകരിക്കും.

- പൊതുബിന്നുകൾ സ്ഥാപിക്കുമ്പോൾ സാധ്യമായിടത്തോളം പൊതു/സ്വകാര്യ CCTV നിരീക്ഷണം ലഭ്യമായ സ്ഥലങ്ങൾക്ക് മുൻഗണന നൽകും

- മാലിന്യക്കൂനകളുടെ സമീപമുള്ള സ്വകാര്യ ക്യാമറകളുടെ പിന്തുണയോടെ നിയമ ലംഘനങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷണവും തെളിവ് ശേഖരണം ഉൾപ്പടെയുള്ള തുടർനടപടി സ്വീകരിക്കും.

2. മധ്യ കാല പദ്ധതികൾ

I. ഖര മാലിന്യ പരിപാലനം

A. ജൈവ മാലിന്യം

a. എല്ലാ നഗര സഭകളെയും ഉൾപ്പെടുത്തി 5 0 0 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ ജൈവ മാലിന്യ സംസ്കരണം ഉറപ്പാക്കി പ്രഖ്യാപനം നടത്തും.

b. നഗര സ്വഭാവമുള്ള ക്ലസ്റ്ററുകളിൽ പ്രതിദിനം 60-150 ടൺ ശേഷിയുള്ള വിൻഡ്രോ കമ്പോസ്റ്റ്, ബയോ സി.ബി.ജി, ബ്ലാക്ക് സോൾജിയർ ഫ്ലൈ തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കും.

c. ജൈവ മാലിന്യ സംസ്ക്കരണ ഉപാധികളുടെ പ്രവർത്തനം പഠിപ്പിക്കുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനുമായി ഗ്രീൻ ടെക്നിഷ്യന്മാരുടെ സേവനം വിപുലപ്പെടുത്തും..

d. പക്ഷി മൃഗാദികളുടെ ശരീരം സംസ്കരിക്കുന്നതിന് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും റീജിണൽ അടിസ്ഥാനത്തിലും ക്രിമറ്റോറിയങ്ങൾ സ്ഥാപിക്കും.

e. വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഉറവിട ജൈവ മാലിന്യ

സംസ്ക്കരണ സംവിധാനങ്ങളിൽ നിന്നുള്ള കമ്പോസ്റ്റ് ശേഖരിച്ച് ഗുണമേന്മ ഉറപ്പാക്കി വിതരണം നടത്തും.

f. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉറവിട ജൈവ മാലിന്യ സംവിധാനങ്ങൾക്കാവശ്യമായ ഇനോക്കുല ലഭ്യത ആവശ്യാനുസരണം എല്ലാ വീടുകൾക്കും സ്ഥാപനങ്ങൾക്കും ഉറപ്പാക്കും. ഇതിനായുള്ള ഉത്പാദന വിതരണ ശൃംഖല സാധ്യമാക്കും. (ഓൺ കോൾ / ഓൺലൈൻ ബുക്കിംഗ്)

g. പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പാക്കൽ / നവീകരണം /ആധുനിക വൽക്കരിക്കും.

h. വ്യാവസായിക ജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളിൽ ഉണ്ടാകുന്ന സ്ലറി സംസ്കരിക്കുന്നതിന് സംവിധാനം ഉറപ്പാക്കും.

B. അറവ് മാലിന്യം

a. ജില്ലാതലത്തിൽ മാംസ മാലിന്യ ഉൽപാദനവും സംസ്കരണശേഷിയും വിലയിരുത്തി, ക്ലസ്റ്റർ അടിസ്ഥാനത്തിൽ ആധുനിക അറവുശാലകളും അനുബന്ധ മാലിന്യസംസ്കരണ സംവിധാനങ്ങളും വികസിപ്പിക്കും.

b. നിലവിലുള്ള ചിക്കൻ റെൻഡറിങ് പ്ലാന്റുകളുടെ സാങ്കേതിക നവീകരണവും ശേഷിവർധനയും നടപ്പാക്കും.

c. റെൻഡറിങ് പ്ലാന്റുകൾ ഇല്ലാത്ത ജില്ലകളിൽ ആവശ്യമായ ഇടപെടൽ നടത്തും ആവശ്യമായ ജില്ലകളിൽ PPP മാതൃകയിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കും.

d. ജനകീയ പ്രതിഷേധം നിലനിൽക്കുന്ന റെൻഡെറിങ് പ്ലാന്റുകളിൽ ബോധവത്കരണവും IEC പ്രവർത്തനങ്ങളും സംഘടിപ്പിച്ച് പ്ലാന്റുകളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ജനപിന്തുണ ഉറപ്പാക്കും.

e. മാംസ മാലിന്യത്തിന്റെ ശേഖരണം, ഗതാഗതം, അംഗീകൃത പ്ലാന്റുകളിലേക്കുള്ള കൈമാറ്റം എന്നിവ ഏകോപിപ്പിച്ച് ഡിജിറ്റൽ ട്രാക്കിങ് സംവിധാനത്തിലൂടെ നിരീക്ഷിക്കുന്ന സംയോജിത സംവിധാനം വികസിപ്പിക്കും.

C. അജൈവ മാലിന്യം

a. എല്ലാ മാസവും എല്ലാ തരം അജൈവ പാഴ് വസ്തുക്കളും ശേഖരിക്കുന്നതിനുള്ള സംവിധാനം ഒരുക്കും.

b. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ ഉത്പാദനത്തിന് അനുസൃതമായ സംഭരണ ശേഷിയുള്ള എം.സി.എഫുകൾ ഉറപ്പാക്കും.

c. അജൈവ മാലിന്യ ശേഖരണ & സംഭരണ സംവിധാനങ്ങളുടെ സമ്പൂർണ്ണ ആധുനിക വത്കരണം & യന്ത്ര വത്കരണം ഉറപ്പാക്കും.

d. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അജൈവ മാലിന്യ

ഉത്പാദനത്തിന് അനുസൃതമായ സംഭരണ ശേഷിയുള്ള ശേഖരണ വാഹനം ഉറപ്പാക്കും.

e. സംസ്ഥാനത്ത് പ്ലാസ്റ്റിക്ക് റീസൈക്ളിങ് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തീകരിക്കും.

f. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഡിമാൻഡ് സർവീസ് ബുക്കിംഗ് സംവിധാനം (വിവാഹം, പിറന്നാൾ പാർട്ടികൾ തുടങ്ങിയ വലിയ പരിപാടികൾ നടക്കുന്ന സമയത്ത് അജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിനായി ഹരിതകർമ്മ സേനയുടെ സേവനം ലഭ്യമാക്കൽ ഉറപ്പാക്കും.

g. 100% റിജക്ട് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ വേസ്റ്റ്-ടു-എനർജി പ്ലാന്റുകളുടെ നിർമ്മാണം ആരംഭിക്കും.

D. സാനിറ്ററി മാലിന്യം

a. ഉത്പാദനത്തിന്റെ അടിസ്ഥാനത്തിൽ ക്ലസ്റ്റർ രൂപീകരിച്ച് / ജില്ലാ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ സാനിറ്ററി മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കും.

b. സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ആകെ സാനിറ്ററി മാലിന്യത്തിന്റെ 60% ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കും.

E. സ്പെഷ്യൽ കെയർ മാലിന്യങ്ങൾ

a. സെൻട്രലൈസ്ഡ് ഡ്രോപ്പ്-ഓഫ് കിയോസ്കുകൾ (Community Drop-off Depots): ഓരോ തദ്ദേശ സ്ഥാപനത്തിലെയും പ്രധാന ജംഗ്ഷനുകളിലും വാണിജ്യ കേന്ദ്രങ്ങളിലും "Special Care Waste Collection Points" (ബാറ്ററികൾ, ട്യൂബ്ലൈറ്റുകൾ, മരുന്നുകൾ എന്നിവ നിക്ഷേപിക്കാനുള്ള പ്രത്യേക ബിന്നുകൾ) സ്ഥാപിക്കും.

b. തദ്ദേശ തലത്തിലുള്ള മൊബൈൽ ആപ്പ്/ഹരിതമിത്രം പോർട്ടൽ വഴി സ്പെഷ്യൽ കെയർ മാലിന്യങ്ങൾ നീക്കം ചെയ്യാൻ വീടുകളിൽ നിന്നും "On-demand Pickup" ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തും.

F. ഇ-മാലിന്യം

a. സംസ്ഥാനത്ത് സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഇ - മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കും.

G. മുടി മാലിന്യം

a. സംസ്ഥാനത്ത് കൂടുതൽ മുടി മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കും .

b. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശേഖരണ സംവിധാനം ഏർപ്പെടുത്തും.

H. ബയോ മെഡിക്കൽ മാലിന്യം

a. ബയോ മെഡിക്കൽ മാലിന്യത്തിന്റെ ഉത്പ്പാദനം കണക്കിലെടുത്ത പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പുതിയ പ്ലാന്റുകൾ സ്ഥാപിക്കും.

I. സി&ഡി മാലിന്യം

a. കോർപറേഷനുകളിലും മുനിസിപ്പാലിറ്റികളിലും സി & ഡി മാലിന്യം ശേഖരിക്കാനുള്ള സംവിധാനത്തിന് തുടക്കം കുറിക്കും.

b. ജില്ലാ അടിസ്ഥാനത്തിൽ/ ക്ലസ്റ്റർ രൂപീകരിച്ച് പ്ലാന്റുകളുടെ നിർമ്മാണം ആരംഭിക്കും.

c. സി&ഡി മാലിന്യത്തിന്റെ പുനഃചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിന് പുനഃചംക്രമണം ചെയ്ത ഉത്പ്പന്നങ്ങളുടെ ഉപയോഗം വർധിപ്പിക്കും. ഇതിലേക്കായി സർക്കാർ വകുപ്പുകൾ നടത്തുന്ന നിർമിതികളിൽ പുനഃചംക്രമണം ചെയ്ത ഉത്പ്പന്നങ്ങളുടെ ഉപയോഗം നിർബന്ധമാക്കും.

J. സാനിറ്ററി ലാൻഡ്ഫിൽ

a. സംസ്ഥാനത്ത് നിഷ്ക്രിയ മാലിന്യം സംസ്കരിക്കുന്നതിന് ഒരു സാനിറ്ററി ലാൻഡ്ഫില്ലിന്റെ നിർമാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കും.

b. മേഖല അടിസ്ഥാനത്തിൽ സാനിറ്ററി ലാൻഡ്ഫില്ലുകൾക്ക് മറ്റു പ്രദേശങ്ങളിൽ കണ്ടെത്തിയിട്ടുള്ള ഭൂമിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കും.

K. ഹരിതകർമ്മസേന

a. ഓൺ-ഡിമാൻഡ് സേവനങ്ങൾ നൽകുന്ന പ്രവർത്തനശേഷിയിലേയ്ക്ക് ഹരിത കർമ്മ സേനയെ ഉയർത്തും.

b. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മ സേനയുടെ നേതൃത്വത്തിൽ ഗ്രീൻ ഫെസിലിറ്റി സെന്റർ അരംഭിക്കും. ഇത് വഴി മാലിന്യ സംസ്കരണം സംബന്ധിച്ച ഉപാധികൾ, ഇനോക്കുലം എന്നിവയുടെ വിൽപ്പന, മറ്റു അനുബന്ധ സേവനങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് നൽകും.

L. സർക്കുലർ ഇക്കോണമി

a. കാർബൺ ക്രെഡിറ്റ്സ്

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഓഡിറ്റ് നടത്തുകയും കാർബൺ ക്രെഡിറ്റ് പ്രോട്ടോകോൾ നടപ്പിലാക്കാൻ തുടക്കം കുറിക്കുകയും ചെയ്യും.

a. വിപുലീകൃത ഉത്പാദകരുടെ ഉത്തരവാദിത്തം

- മാലിന്യ സംസ്കരണത്തിൽ ഉത്പാദകരും തദ്ദേശ സ്ഥാപനങ്ങളും തമ്മിൽ സുതാര്യമായ സാമ്പത്തിക-സാങ്കേതിക സഹകരണം ഉറപ്പാക്കും.

- ബാറ്ററികൾ (Battery Waste Management Rules പ്രകാരം) , പെയിന്റ്, കീടനാശിനികൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന കമ്പനികളുമായി ചേർന്ന് തദ്ദേശ സ്ഥാപന തലത്തിൽ റിവേഴ്സ് ലോജിസ്റ്റിക്സ് ശൃംഖല വിപുലീകരിക്കും.

- വിപണിയിൽ പുതിയ ബാറ്ററി/ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ പഴയവ തിരികെ വാങ്ങുന്നതിനുള്ള "Buy-Back" അല്ലെങ്കിൽ ഡെപ്പോസിറ്റ് റീഫണ്ട് സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും.

- ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന ഇ-മാലിന്യങ്ങൾ CPCB അംഗീകൃത പ്ലാസ്റ്റിക് ഉൽ പ്പാദകർ ക്ക് (PIBOs) കൈമാറി ഇപിആർ (EPR) ഫണ്ട് ലഭ്യമാക്കുകയും അവയുടെ ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുകയും ചെയ്യും.

II. ദ്രവ മാലിന്യം

A. STP & FSTP

a. കയ്യൂർ, ചീമേനി, പാണഞ്ചേരി, എരുമേലി എന്നിവടങ്ങളിലെ എഫ്.എസ്.റ്റി.പി പദ്ധതികൾ കമ്മീഷൻ ചെയ്യും.

b. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ എസ്.റ്റി.പികളിൽ നിന്നുമുള്ള സംസ്കരിച്ച ജലത്തിന്റെ പുനരുപയോഗം ഉറപ്പാക്കും.

B. പൊതു ശുചിമുറികൾ

a. എല്ലാ പൊതു സ്ഥലങ്ങളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പൊതു ശുചിമുറികൾ ഉറപ്പാക്കും

b. എല്ലാ പൊതു ശുചിമുറികളും ബ്രാൻഡ് ചെയ്യും

c. കേരളത്തിന് അനുയോജ്യമായ രീതിയിലുള്ള പൊതു ടോയ്ലറ്റ് ഡിസൈനുകൾ രൂപികരിക്കും.

III. വൻകിട മാലിന്യ ഉത്പാദകർ.

a. 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട്, കേരളം പഞ്ചായത്ത് രാജ്, മുൻസിപ്പാലിറ്റി ആക്ടുകളുടെ കീഴിൽ വൻകിട മാലിന്യ ഉത്പാദകരുമായി ബന്ധപ്പെട്ട വിശദമായ ചട്ടങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരും.

b. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വൻകിട മാലിന്യ ഉത്പാദകരെയും കണ്ടെത്തി രജിസ്റ്റർ ചെയ്യുകയും, ലൈസൻസ്/രജിസ്ട്രേഷൻ നടപടികളിലൂടെ നിയമാനുസൃത എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യും.

c. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻറെ വൻകിട മാലിന്യ ഉത്പാദകർ ക്കായുള്ള EBWGR മായി ബന്ധപ്പെട്ട മാർഗരേഖ

പ്രാബല്യത്തിൽ വരുന്നത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക ഈടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൻകിട മാലിന്യ ഉത്പാദകർക്ക് EBWGR സർട്ടിഫിക്കറ്റ് നൽകും.

d. 2026-ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങളിലെ വൻകിട മാലിന്യ ഉത്പാദകരുടെ നിർവചനത്തിൽ ഉൾപ്പെടുന്ന എല്ലാ സർക്കാർ ഓഫീസുകളിലും, സ്വകാര്യസ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലും ഉറവിട മാലിന്യ സംസ്കരണത്തിന് ആശ്യമായ സംവിധാങ്ങൾ ഉറപ്പാക്കും.

IV. പൊതു സ്ഥലങ്ങൾ

a. സംസ്ഥാനത്തെ കൂടുതൽ ബീച്ചുകൾക്ക് ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ കൊണ്ടുവരും.

b. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുറഞ്ഞത് 2 കിലോമീറ്റർ പാതയോരങ്ങൾ വൃത്തിയും ദൃശ്യ ഭംഗിയും ഉറപ്പാക്കും. (സുൽത്താൻ ബത്തേരി, മുന്നുപെരിയ മാതൃകയിൽ)

IV. ഡിജിറ്റലൈസേഷൻ

a. മാലിന്യ നീക്കത്തിനായി ഉപയോഗിക്കുന്ന എല്ലാ വാഹനങ്ങളുടെയും ട്രാക്കിങ് ഉറപ്പാക്കി ഒരു കേന്ദ്രീകൃത സംവിധാനം കൊണ്ടുവരും.

b. എല്ലാത്തരം മാലിന്യങ്ങളുടെയും പരിപാലനം സംബന്ധിച്ച ഡിജിറ്റൽ മോണിറ്ററിങ് ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും

V. നിയമം

a. മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരുടെയും തൊഴിൽ സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യങ്ങളുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി അകറ്റ്, കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഉൾപെടുത്താനുള്ള നടപടി സ്വീകരിക്കും.

b. നൂറിൽ കൂടുതൽ ആളുകൾ ഒത്തുകൂടുന്ന പരിപാടികളിൽ (ലൈസൻസില്ലാത്ത സ്ഥലങ്ങളിലും) മാലിന്യം നിയമാനുസൃതമായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കും.

i. ഇതുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അതിന്റെ അനുസരണം ഉറപ്പാക്കുന്നതിനും IEC പ്രവർത്തനങ്ങൾ നടത്തും.

ii. ഇത്തരം പരിപാടികളുടെ മാലിന്യ സംസ്കരണത്തിന്റെ ഫീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുക, അത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി ശേഖരിക്കും

iii. സംഘാടകർ പരിപാടിയെക്കുറിച്ചുള്ള അറിയിപ്പ് കുറഞ്ഞത് 3 ദിവസമെങ്കിലും മുൻകൂട്ടി നൽകുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കും.

c. 2026-ലെ ഖര മാലിന്യ ചട്ടങ്ങൾ പ്രകാരം മലയോര, തീരദേശ മേഖലകളിൽ ഹരിത ചെക്ക്പോസ്റ്റ്, ഇ-പാസ് നടപ്പിലാക്കുന്നതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് ഏറ്റെടുക്കേണ്ട

നടപടികളുടെ എസ്.ഒ.പി. കൊണ്ടുവരും.

d. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ഉത്തരവാദിത്വങ്ങളും നിയമലംഘനങ്ങളുടെ പ്രത്യാഘാതങ്ങളും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി MOOC കോഴ്സ് തയ്യാറാക്കും.

V. നിയമ നടപടികൾ

a. വിവിധ തരം മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന ഏജൻസികളുടെ സംസ്കരണ/ സംഭരണ കേന്ദ്രങ്ങളിൽ കൃത്യമായ ഇടവേളകളിൽ എൻഫോഴ്സ്മെന്റ്/ വിജിലന്സ് സ്ക്വാഡ് മുഖേന പരിശോധന നടത്തും.

b. പരിശോധന പ്രവർത്തനങ്ങൾ കേവലം കടകളിലേക്ക് പരിമിതപ്പെടുത്താതെ, പരിപൂർണമായും സമഗ്രവുമായും നിയന്ത്രണത്തിലേക്ക് മാറ്റുക. വൻകിട മാലിന്യ ഉത്പാദകർ, പ്ലാസ്റ്റിക് ഉൽപന്ന വിതരണ ഏജൻസികൾ, കാറ്ററിങ്ങ് ഏജൻസികൾ, അനധികൃത മാലിന്യ ശേഖരണ ഏജൻസികൾ എന്നീ സ്ഥാപനങ്ങളെ നിയമപരമായി കൂടുതൽ ഉത്തരവാദിത്വത്തിലാക്കും.

c. പിഴത്തുക സമയബന്ധിതമായി ഈടാക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കുക; നിശ്ചിത സമയത്തിനകം പിഴയടയ്ക്കാത്തവർക്കെതിരെ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും.

d. ആവർത്തിച്ച് നിയമലംഘനം നടത്തുന്നവരെ തിരിച്ചറിയുന്നതിനായി Repeat Offender സംവിധാനം ഏർപ്പെടുത്തി, തുടർച്ചയായ നിയമലംഘനങ്ങളിൽ നിയമാനുസൃതമായ കർശന നടപടി സ്വീകരിക്കും.

e. ഫീൽഡ് ലെവൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഹെൽത്ത് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് സ്കിൽ ട്രെയിനിങ് നൽകും.

f. വൻകിട മാലിന്യ ഉത്പാദകരെയും സ്ഥാപനങ്ങളെയും കേന്ദ്രീകരിച്ച് 'ഓപ്പറേഷൻ ക്ലീൻ സ്വീപ്' മാതൃകയിൽ മിന്നൽ പരിശോധനകൾ സംഘടിപ്പിക്കും.

g. പ്രോസിക്യൂഷൻ നടപടികൾ (E-court procedures ഉൾപ്പടെ) കൃത്യമായ പരിജ്ഞാനവും പിന്തുണയും ജില്ലകളിൽ ഉറപ്പ് വരുത്തുന്നതിനായി പരിശീലനം ക്രമീകരിക്കും .

h. പരിസരങ്ങളും ജലാശയങ്ങളും വൃത്തിയാക്കുന്ന പരിപാടികൾ നടത്തുക; മാലിന്യം ഒഴുകിയെത്തുന്ന സ്ഥലങ്ങളിൽ തടയുന്ന ബാരിയറുകൾ (വലകൾ) സ്ഥാപിക്കുക; വീണ്ടും മാലിന്യം തള്ളാതിരിക്കാൻ സിസിടിവി ക്യാമറകൾ ഏർപ്പെടുത്തും.

i. സിംഗിൾ വാട്സാപ്പ് നമ്പർ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്ന പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സംരക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി സുരക്ഷിതവും രഹസ്യാത്മകവുമായ പരാതി റിപ്പോർട്ടിംഗ് ഉറപ്പാക്കും.

9.3 ദീർഘ കാല പദ്ധതികൾ (Long term)

I. ഖര മാലിന്യ പരിപാലനം

A. ജൈവ മാലിന്യം

a. മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജൈവ മാലിന്യ സംസ്കരണം സമ്പൂർണ്ണമാക്കും.

b. സംസ്ഥാനത്ത് ഉണ്ടാകുന്ന ജൈവ മാലിന്യങ്ങൾ മുഴുവനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കും .

c. കമ്മ്യൂണിറ്റി തലത്തിലെയും വലിയ അളവിൽ മാലിന്യം സംസ്കരിക്കുന്ന സംവിധാനങ്ങൾക്കും ഓപ്പറേഷൻ & മെയിന്റനൻസ് ഉറപ്പാക്കും.

d. ഡിജിറ്റൽ സംവിധാനത്തിലൂടെ ഇനോക്കുലം വിതരണം, സർവീസ് എന്നിവ ഉറപ്പാക്കൽ.

B. അറവ് മാലിന്യം

a. എല്ലാ ജില്ലകളിലും മാംസ മാലിന്യത്തിന്റെ ശാസ്ത്രീയവും കാര്യക്ഷമവുമായ സംസ്കരണത്തിന് ആവശ്യമായ ശേഷിയുള്ള പ്ലാന്റുകളുടെ ലഭ്യത ഉറപ്പാക്കും

b. സംസ്ഥാനതലത്തിൽ മാംസ മാലിന്യ സംസ്കരണത്തിനായുള്ള ഏകീകൃതവും സുസ്ഥിരവുമായ അടിസ്ഥാന സൗകര്യ ശൃംഖല വികസിപ്പിക്കും.

c. വളർത്തു മൃഗങ്ങളുടെയും ഓമന മൃഗങ്ങളുടെയും ശവം സംസ്കരിക്കുന്നതിന് എല്ലാ നഗര സഭകളിലും Pet / Domestic Animal Crematorium സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

A. അജൈവ മാലിന്യം

a. 100% അത്യാധുനിക അജൈവ മാലിന്യ സംഭരണ സംവിധാനങ്ങൾ ഉറപ്പാക്കും.

b. എല്ലാ മാസവും എല്ലാ തരം മാലിന്യങ്ങളുടെയും വാതിൽപ്പടി ശേഖരണം ഉറപ്പാക്കും

c. പ്ലാസ്റ്റിക് മാലിന്യം, ഗ്ലാസ് മാലിന്യം, ഇ-മാലിന്യം, തുണി മാലിന്യം, പേപ്പർ മാലിന്യം എന്നിവയുടെ ഉത്പാദനത്തിനാനുപാതികമായി സംസ്ഥാനത്ത് റീസൈക്ലിങ് പ്ലാന്റുകൾ സ്ഥാപിക്കും .

d. വിവിധ ഇനം പ്ലാസ്റ്റിക് മാലിന്യം, ഗ്ലാസ് മാലിന്യം, ഇ-മാലിന്യം, തുണി മാലിന്യം, പേപ്പർ മാലിന്യം, ബാറ്ററി മാലിന്യം, നിർമ്മിതി മാലിന്യം, സാനിറ്ററി മാലിന്യം, മുടി മാലിന്യം, തുടങ്ങി വിവിധ ശ്രേണിയിൽപ്പെട്ട മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിന് പുനഃചംക്രമണ പ്ലാന്റുകൾ, സാനിറ്ററി ലാൻഡ് ഫിൽ, RDF പ്ലാൻറ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥല ലഭ്യത കണക്കിലെടുത്ത് ഒരു പ്രദേശത്ത് സ്ഥാപിക്കുന്നതിന് വേസ്റ്റ് മാനേജ്മെന്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാൻ നടപടിയെടുക്കും.

A. സാനിറ്ററി മാലിന്യം

a. 100% സാനിറ്ററി മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനം ഉറപ്പാക്കും.

A. സ്പെഷ്യൽ കെയർ മാലിന്യങ്ങൾ

a. 100% ശാസ്ത്രീയ സംസ്കരണവും TSDF സംയോജനവും ഉറപ്പാക്കും.

b. അശാസ്ത്രീയമായി ഗാർഹിക ഹസാർഡസ് മാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും ഉറപ്പാക്കും.

c. അശാസ്ത്രീയമായി ഗാർഹിക ഹസാർഡ്സ് മാലിന്യം തള്ളുന്നവർക്കെതിരെയും വ്യവസ്ഥകൾ ലംഘിക്കുന്ന ഉത്പാദകർക്കെതിരെയും ഉയർന്ന പിഴയും ക്രിമിനൽ നടപടികളും ഉൾപ്പെടെയുള്ള നിയമപാലനം സ്ഥിരം സംവിധാനമാക്കി മാറ്റും.

A. ഇ-മാലിന്യം

a. സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന മുഴുവൻ ഇ-മാലിന്യവും ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു എന്ന് ഉറപ്പാക്കും.

b. ഇ-മാലിന്യം, ബാറ്ററി മാലിന്യം എന്നിവയുടെ ഉത്പ്പാദനത്തിന് ആനുപാതികമായി ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കുന്നതിന് പുതിയ സ്റ്റാർട്ട് അപ്പുകളെയും സ്വകാര്യ സംരംഭകരേയും പൊതു സ്വകാര്യ പങ്കാളിത്ത അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കും.

A. മുടി മാലിന്യം

a. ഉറവിടത്തിൽ തരം തിരിവ് നിരീക്ഷിക്കുന്നതിനും അംഗീകൃത ഏജൻസികൾക്ക് മാത്രം കൈമാറുന്നതിനും എൻഫോഴ്സ്മെൻറ് സംവിധാനം ശക്തിപ്പെടുത്തും .

b. സംസ്ഥാനത്ത് കൂടുതൽ മുടി മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കും.

c. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശേഖരണ സംവിധാനം ഏർപ്പെടുത്തും

A. ബയോ മെഡിക്കൽ മാലിന്യം

a. ബയോ മെഡിക്കൽ മാലിന്യത്തിന്റെ ഉത്പ്പാദനത്തിന് ആനുപാതികമായി സംസ്കരണം ഉറപ്പാക്കുന്നതിന് പുതിയ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിക്കും.

I. സി&ഡി മാലിന്യം

a. ജില്ലാ അടിസ്ഥാനത്തിൽ/ ക്ലസ്റ്റർ രൂപീകരിച്ച് പ്ലാന്റുകളുടെ പ്രവർത്തനം ആരംഭിക്കും.

A. സാനിറ്ററി ലാൻഡ്ഫിൽ

a. സംസ്ഥാനത്ത് മേഖല അടിസ്ഥാനത്തിൽ ഉണ്ടാകുന്ന മുഴുവൻ നിഷ്ക്രിയ മാലിന്യവും കൈകാര്യം ചെയ്യുന്നതിനുള്ള സാനിറ്ററി ലാൻഡ് ഫില്ലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും.

A. ഹരിതകർമ്മസേന

a. ഹരിതകർമ്മ സേന അംഗങ്ങളുടെ വരുമാനത്തിൽ 50% വർദ്ധനവ് ഉണ്ടാക്കും.

L. സർക്കുലർ എക്കണോമി

a. കാർബൺ ക്രെഡിറ്റ്

- കാർബൺ ക്രെഡിറ്റ് സംവിധാനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുകയും, നടപ്പിലാക്കുകയും ചെയ്യും.

b. വിപുലീകൃത ഉത്പാദകരുടെ ഉത്തരവാദിത്തം (EPR)

- പെറ്റ് (PET) ബോട്ടിലുകൾക്കും മറ്റ് പാക്കേജിംഗ്രകൾക്കും വിപണി തലത്തിൽ ബൈ-ബാക്ക് / ഡെപ്പോസിറ്റ് റീഫണ്ട് (DRS) സംവിധാനങ്ങൾ ഉറപ്പാക്കി സമ്പൂർണ്ണ സർക്കുലർ ഇക്കോണമി (Circular Economy) മാതൃക കൈവരിക്കും.

- പ്രാദേശിക തലത്തിൽ 100% ഇ-മാലിന്യം, ബാറ്ററി മാലിന്യം ശാസ്ത്രീയ സംസ്കരണം കൈവരിക്കുകയും, ബൈ-ബാക്ക്(Buy-Back)/ഡെപ്പോസിറ്റ് റീഫണ്ട് (DRS) സംവിധാനങ്ങളിലൂടെ സമ്പൂർണ്ണ സർക്കുലർ ഇക്കോണമി (Circular Economy) മാതൃക നിലവിൽ വരുത്തുകയും ചെയ്യും.

II. ദ്രവ മാലിന്യം

a. FSTP-കളുടെ മേഖലാതല ക്ലസ്റ്ററുകൾ രൂപീകരിച്ച് 50% ദ്രവ മാലിന്യ സംസ്കരണത്തിന് ആവശ്യമായ സംവിധാനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കലും 50% സംസ്കരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

b. കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ മുഴുവൻ വീടുകളിലും ശാസ്ത്രീയ സെപ്റ്റിക് ടാങ്ക് സംവിധാനം ഉറപ്പാക്കും.

c. കൂടുതൽ ശാസ്ത്രീയ സംവിധാനങ്ങൾ ഉറപ്പാക്കുന്ന മുറയ്ക്ക് Know your containment (KYC Survey) നടത്തൽ, ഗാർഹിക തലത്തിലും, ചെറുതും വലുതുമായ എല്ലാ സ്ഥാപനങ്ങളിലും ദ്രവമാലിന്യസംസ്ക്കരണ സംവിധാനങ്ങളുടെ, പ്രധാനമായും സെപ്റ്റിക് ടാങ്കുകളുടെ അവസ്ഥ വിലയിരുത്തൽ സംബന്ധിച്ച സർവ്വേ VB-G RAM G / ആരോഗ്യ വകുപ്പ്/ സാങ്കേതിക വിദഗർ എന്നിവയുടെ സഹായത്തോടെ ഹരിത മിത്രം ആപ്പിലെ അസറ്റ് സർവ്വേയുടെ മാതൃകയിൽ വിവരം ശേഖരിക്കും.

III. വൻകിട മാലിന്യ ഉത്പാദകർ

a. എല്ലാ വൻകിട മാലിന്യ ഉത്പാദകരും ശാസ്ത്രീയ സംസ്കരണം ഉറപ്പുവരുത്താൻ തദ്ദേശ സ്ഥാപന തലത്തിലും, സംസ്ഥാന തലത്തിലും ഒരു സമ്പൂർണ ഡിജിറ്റൽ നിരീക്ഷണ സംവിധാനം സജ്ജമാക്കും.

b. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ EBWGR (Extended Bulk Waste Generator Responsibility) നടപ്പിലാക്കുന്നതിനായി സമഗ്രമായ ഒരു സംവിധാനം രൂപീകരിക്കും

IV. പൊതു സ്ഥലങ്ങൾ

a. എല്ലാ 500 മീറ്റർ ഇടവിട്ടും അജൈവ മാലിന്യ ശേഖരണത്തിനായി ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ ഉറപ്പാക്കും.

b. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിന് നിരീക്ഷണം ശക്തിപ്പെടുത്തും. ഹോട്ട് സ്പോട്ടുകളിൽ നിരീക്ഷണ കാമറ സ്ഥാപിക്കും

V. ഡിജിറ്റലൈസേഷൻ

വാർഡ്തല നിർവഹണ സമിതി

a. എല്ലാത്തരം മാലിന്യങ്ങളുടെയും സംസ്ക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സമ്പൂർണ്ണ ഡിജിറ്റൽ മോണിറ്ററിങ് ഉറപ്പാക്കും.

VI. നിയമം

a. ലംഘനത്തിന്റെ അളവ്, സ്വഭാവം, ഗൗരവം എന്നിവയ്ക്ക് ആനുപാതികമായി പിഴ നിശ്ചയിക്കുന്ന സംവിധാനം ഏർപ്പെടുത്തുകയും കൂടുതൽ അളവിലുള്ള മാലിന്യവും ആവർത്തിച്ചുള്ള നിയമലംഘനങ്ങളും ഉൾപ്പെടുന്ന കേസുകളിൽ ഉയർന്ന പിഴ ചുമത്തുകയും ചെയ്യും.

b. പിഴ ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങളിൽ വ്യക്തത ഉറപ്പാക്കുന്നതിനായി ആവശ്യമായ ചട്ടങ്ങൾ തയ്യാറാക്കും.

c. കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ടിലും വൻകിട മാലിന്യ ഉത്പാദകർക്കുള്ള പ്രത്യേക നിയമ വ്യവസ്ഥകൾ ഉൾപ്പെടുത്തും. അവയുടെ ലേഔട്ട് പ്ലാനുകളുടെ അംഗീകാരം, ഫെസിലിറ്റി ക്ലിയറൻസുകൾ, ലൈസൻസ് പുതുക്കൽ എന്നിവ നേരിട്ട് കെ-സ്മാർട്ടിൽ സംയോജിപ്പിക്കും.

d. ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന തദ്ദേശ സ്ഥാപനങ്ങളുടെ ഖരമാലിന്യ സംസ്കരണത്തിൽ നിന്ന് കാർബൺ ക്രെഡിറ്റ് ഉത്പാദിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കും.

e. ബീച്ചുകൾ, മലയോര മേഖലകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനായി പ്രത്യേക പ്രവർത്തന മാർഗരേഖ (SOP) തയ്യാറാക്കും.

f. എല്ലാ BWG-കൾക്കും ജൈവമാലിന്യം സ്ഥാപനത്തിൽ തന്നെ സംസ്കരിക്കുന്നത് നിർബന്ധമാക്കുക; അല്ലെങ്കിൽ EBWGR പാലന സർട്ടിഫിക്കറ്റ് നിർബന്ധമാക്കി മാത്രമേ പ്രവർത്തിക്കാൻ അനുമതി നൽകാവൂ എന്നത് ഉറപ്പാക്കും.

g. ചെറുകിട വ്യാപാരികളിൽ മാത്രം പരിശോധന നടത്താതെ, വലിയ പ്ലാസ്റ്റിക് ഉൽപ്പന്ന വിതരണക്കാർ, കാറ്ററിംഗ് സ്ഥാപനങ്ങളുടെ ശൃംഖലകൾ, അനധികൃത മാലിന്യം ശേഖരിക്കുന്നവർ എന്നിവരെ ലക്ഷ്യമിട്ട് പ്രത്യേക പരിശോധനകൾ നടത്തും.

h. ആവർത്തിച്ചുള്ള മാലിന്യ നിയമലംഘനങ്ങൾ നടത്തുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും തിരിച്ചറിയുന്നതിനായി സംസ്ഥാനതല ഡിജിറ്റൽ ഡാറ്റാബേസ് വികസിപ്പിച്ച്, ആവർത്തിച്ചുള്ള ലംഘനങ്ങൾക്ക് ഉയർന്ന പിഴയും കർശന നടപടികളും ഉറപ്പാക്കും.

VII. നിയമ നടപടികൾ

a. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപരമായ ഉത്തരവാദിത്വമായി

എൻഫോഴ്സ്മെന്റ് സംവിധാനം ശക്തിപ്പെടുത്തി സ്ഥിരമായി നടപ്പിലാക്കും.

b. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളും പാലിക്കേണ്ട കാര്യങ്ങളും സംബന്ധിച്ച് ഒരു നിർബന്ധിത MOOC കോഴ്സ് തയ്യാറാക്കുക. പിഴ അടയ്ക്കുന്നതിനോ കേസ് അവസാനിപ്പിക്കുന്നതിനോ മുമ്പ് നിയമലംഘകർ ഈ കോഴ്സ് പൂർത്തിയാക്കണം. ഇതിലൂടെ നിയമലംഘനങ്ങൾ ആവർത്തിക്കുന്നത് തടയാനും നിയമപാലനം ഉറപ്പാക്കാനും കഴിയും.

  i. ചെയ്യേണ്ടതും ചെയ്യരുതാത്തതും, നിയമലംഘനങ്ങളും ബാധകമായ പിഴകളും പരിചയപ്പെടുത്തും.

  ii. കാര്യങ്ങൾ മനസ്സിലാക്കിയെന്ന് ഉറപ്പാക്കാൻ ഒരു ചെറിയ പോസ്റ്റ്-ടെസ്റ്റ് നടത്തും.

c. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കേരളത്തിലേക്ക് എത്തിക്കുന്നത് തടയുന്നതിനായി സംസ്ഥാന അതിർത്തികളിലും വിപണികളിലും നിരീക്ഷണം ശക്തിപ്പെടുത്തുകയും അതിർത്തി ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന നടത്തുകയും ചെയ്യും.

d. എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ പരിശോധനകൾക്ക് പോലീസിന്റെ സഹായം ഉറപ്പാക്കും. നിയമലംഘനങ്ങൾ തടയുന്നതിനും സ്ക്വാഡിന് സുരക്ഷ നൽകുന്നതിനുമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും പ്രത്യേക പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തും (മുൻകാല മുനിസിപ്പൽ പോലീസ് സംവിധാനത്തിന് സമാനമായി).

10. വിവിധ വകുപ്പുകളുടെ ഉത്തരവാദിത്വങ്ങൾ

a. എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കപ്പെടുന്നു/കൈകാര്യം ചെയ്യപ്പെടുന്നു എന്നത് അതാത് വകുപ്പുകൾ ഉറപ്പുവരുത്തൽ.

b. എല്ലാ വകുപ്പുകളിലെയും, എല്ലാ സ്ഥാപനങ്ങളിലെയും, ഓഫീസുകളിലെയും ജൈവ അജൈവ, ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളിലെ ഗ്യാപ്പുകൾ കണ്ടെത്തൽ.

c. വിടവുകൾ കണ്ടെത്തി വിശകലനം ചെയ്ത് പരിഹരിക്കാനാവശ്യമായ കർമ്മ പദ്ധതി തയ്യാറാക്കൽ.

d. സർക്കാർ വകുപ്പുകൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ മാലിന്യ പരിപാലന സംവിധാനങ്ങൾ ഉറപ്പാക്കണം. ആയത് സാങ്കേതിക അനുമതി നൽകുന്നതിനുള്ള മാനദണ്ഡത്തിൽ ഉൾപ്പെടുത്തൽ.

e. വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ ഗ്രീൻ ഓഡിറ്റിംഗ് നടത്തൽ.

f. ഓരോ വകുപ്പുകൾക്ക് കീഴിലുള്ള പൊതുയിടങ്ങളും വിശ്രമ സ്ഥലങ്ങളും കൃത്യമായ സംസ്കരണ സംവിധാനങ്ങൾ ഒരുക്കലും സൗന്ദര്യവത്കരണവും പ്രോത്സാഹിപ്പിക്കൽ.

g. എല്ലാ സർക്കാർ, അർദ്ധസർക്കാർ ഓഫീസുകളിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ചുമതലയുള്ള നോഡൽ ഓഫീസറെ ചുമതലപ്പെടുത്തൽ.

h. എല്ലാ വകുപ്പുകളുടെയും ഓഫീസുകളിലും സ്ഥാപനങ്ങളിലും നടത്തുന്ന ഔദ്യോദിക /

അനൗദ്യോദിക പരിപാടികളിൽ നിർബന്ധമായും ഹരിത ചട്ടം പാലിക്കൽ .

i. വകുപ്പുകൾ സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും ഹരിത ചട്ട പാലനം ഉറപ്പാക്കൽ.

j. പോലീസ്, എക്സൈസ്, ജി.എസ്.ടി, മോട്ടോർ വാഹനം, വനം വകുപ്പുകൾ പരിശോധനകൾ നടത്തുന്ന വേളയിൽ നിരോധിച്ച പ്ലാസ്റ്റിക്ക് / ഒറ്റത്തവണ ഉപയോഗിക്കുന്ന ഉത്പന്നങ്ങൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെ അറിയിക്കുന്നതിനുള്ള സംവിധാനം ഉറപ്പാക്കൽ.

k. മാലിന്യ പരിപാലനം കൈകാര്യം ചെയ്യുന്ന എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഇന്റേൺഷിപ്പ് അവസരം ഒരുക്കൽ.

l. എല്ലാ വകുപ്പുകൾക്കും കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹരിത ക്യാമ്പസുകൾ ആക്കൽ.

m. എല്ലാ വകുപ്പുകളുടെയും ഉടമസ്ഥതയിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സമ്പൂർണ്ണ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കൽ.

n. എല്ലാ വകുപ്പുകളും അവരുടെ പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മാലിന്യത്തിന്റെ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തൽ.

o. വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നൽകുന്നതിന് ആവശ്യമായ തുക അനുവദിക്കൽ.

p. എല്ലാ ഉദ്യോഗസ്ഥരേയും ശാസ്ത്രീയ മാലിന്യ പരിപാലനം സംബന്ധിച്ച ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിൽ പങ്കെടുപ്പിക്കൽ .

q. വകുപ്പുകൾ നടത്തുന്ന എല്ലാ പരിശീലന പരിപാടികളിലും മാലിന്യ പരിപാലനം ഒരു ഭാഗമാക്കൽ.

1. ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് / പദ്ധതിനിർവ്വഹണ വിലയിരുത്തൽ വകുപ്പ്

1. തദ്ദേശ സ്വയംഭരണ വകുപ്പും കീഴിലുള്ള ഏജൻസികളും ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ട ഭരണപരമായ പിന്തുണ ഉറപ്പാക്കണം

2. പൊതുവിദ്യാഭ്യാസ വകുപ്പ്

1. എല്ലാ സ്കൂളുകളിലും എല്ലാവിധ മാലിന്യങ്ങളുടെയും ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കണം

2. പാഠ്യ പദ്ധതിയിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളിലൂന്നിയുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം

3. സ്കൂളുകൾ, അധ്യാപകർ, വിദ്യാർത്ഥികൾ, പി.ടി.എ സ്കൗട്ട് ക്ലബ്ബുകൾ തുടങ്ങിയ ശൃംഖലകളെ ഉപയോഗപ്പെടുത്തി School-level Waste Management Campaign രൂപപ്പെടുത്തണം.

4. ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ എൻ.സി.സി, എൻ.എസ്.എസ്, സ്കൗട്സ് & ഗൈഡ്സ്, ക്ലബ്ബുകൾ തുടങ്ങിയവയിലൂടെ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.
    - സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എൻജിനീയർ, KSWMP

5. പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വലുതും ചെറുതുമായ എല്ലാ മേളകളും പൂർണ്ണമായും ഹരിതചട്ടം പാലിച്ച് മാത്രം നടത്തുക

6. ഹരിത വിദ്യാലയങ്ങളായി പ്രഖ്യാപിക്കാത്ത വിദ്യാലയങ്ങളിൽ പ്രഖ്യാപനം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തണം.

7. വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് - ഇക്കോസെൻസ് വിദ്യാലയ തല സംഘാടനം ഉറപ്പാക്കണം.

8. നവംബർ 14ന് കുട്ടികളുടെ ഹരിതസഭ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടത്തണം

3. ഉന്നതവിദ്യാഭ്യാസ വകുപ്പ്

1. കോളേജുകളിൽ നിലവിലെ ജൈവ, അജൈവ, ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിലെ ഗ്യാപ്പുകൾ കണ്ടെത്തി വിടവുകൾ പരിഹരിക്കണം

2. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹരിത ക്യാമ്പസുകളായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം

3. സ്നേഹാരാമങ്ങളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കലും അവ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കണം

4. ക്ലൈമറ്റ് കേഡറ്റ് കോർപ്സ് ക്യാമ്പസുകളിൽ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം

5. മാലിന്യ സംസ്കരണ മേഖലയിൽ പ്രൊഫഷണലുകളെ സൃഷ്ടിക്കുന്നതിന് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളിലും ഇന്റേൺഷിപ്പ് സംവിധാനം ഒരുക്കണം. ഇതിലേയ്ക്ക് എൻജിനീയറിങ് കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസം നൽകുന്ന കോളേജുകൾ, തുടങ്ങിയവയെ ബന്ധിപ്പിക്കണം.

6. ശാസ്ത്രീയ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സിലബസിൽ ഉൾപ്പെടുത്തണം, പുതിയ ആശയങ്ങളും സാങ്കേതിക വിദ്യകളും സംഭാവന ചെയ്യുന്നതിനായുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കണം .

7. ഉന്നത വിദ്യാഭ്യാസ വകുപ്പ്, യൂണിവേഴ്സിറ്റികൾ, കോളേജുകൾ നടത്തുന്ന വലുതും ചെറുതുമായ എല്ലാ മേളകളും പരിപാടികളും പൂർണ്ണമായും ഹരിതചട്ടം പാലിച്ച് മാത്രം നടത്തുക

4. വിനോദ സഞ്ചാര വകുപ്പ്

1. സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വൃത്തി ഉറപ്പാക്കി അത് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള ഒരു ഘടകമാക്കി മാറ്റുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തണം.

2. സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട

വിടവുകൾ കണ്ടെത്തി ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനായുള്ള ഇടപെടൽ നടത്തണം.

3. സംസ്ഥാനത്തെ കൂടുതൽ ബീച്ചുകൾക്ക് ബ്ലൂഫ്ലാഗ് സെർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തണം, മാലിന്യ പരിപാലനവും വൃത്തിയുമായി ബന്ധപ്പെട്ട് ദേശീയ അന്തർദേശീയതലത്തിലുള്ള വിവിധതരം സെർറ്റിഫിക്കേഷനുകൾ സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

4. വിനോദ സഞ്ചാര മേഖലയിലെ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തണം.

5. വിനോദ സഞ്ചാര വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി തയ്യാറാക്കിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾക്കായുള്ള ശുചിത്വ മാലിന്യ പ്രോട്ടോക്കോൾ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുക.

5. **റവന്യു വകുപ്പ്**

1. ശാസ്ത്രീയ മാലിന്യ പരിപാലന സംവിധാനങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

2. മറ്റ് വകുപ്പുകൾക്കോ പദ്ധതികൾക്കോ അനുവദിച്ചിട്ടില്ലാത്ത റവന്യു വകുപ്പിന്റെ ഭൂമി മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർമ്മാണത്തിന് വിട്ടുനല്കുന്നതിന് പ്രത്യേക പരിഗണന നൽകൽ.

6. **പരിസ്ഥിതി വകുപ്പ് / സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

1. സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക്ക് / ഒറ്റത്തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനായി പ്രത്യേക ഓപ്പറേഷനുകൾ നടത്തണം.

2. സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക്ക് / ഒറ്റത്തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കണം.

3. സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക്ക് / ഒറ്റത്തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന ഉത്പന്നങ്ങളുടെ മൊത്ത കച്ചവടക്കാർ, സ്റ്റോക്കിസ്റ്റുകൾ എന്നിവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. .

4. സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക്ക് / ഒറ്റത്തവണ മാത്രം ഉപയോഗിക്കാൻ കഴിയുന്ന ഉത്പന്നങ്ങളുടെ ഉപയോഗത്തിനെതിരെ വിപുലമായ വിവര വിജ്ഞാന വ്യാപനം നടത്തണം.

5. മലയോരം, തീരദേശം, ദ്വീപുകൾ എന്നിവടങ്ങളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ/ മേഖലയുടെ ആളുകളെ വഹിക്കാൻ കഴിയുന്ന ശേഷി, ആ പ്രദേശത്ത് മാലിന്യം കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക ആഘാതം, എന്നിവ പഠന വിധേയമാക്കി അതിന് അനുസൃതമായി ആ പ്രദേശങ്ങളിൽ പ്രവേശിക്കുന്ന ആളുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തൽ

7. **ഗതാഗത വകുപ്പ് / കെ.എസ്.ആർ.ടി.സി**

1. KSRTC ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ഡിപ്പോകൾ കേന്ദ്രീകരിച്ച് സമഗ്രമായ മാലിന്യപരിപാലന സംവിധാനങ്ങൾ ഒരുക്കണം

2. ഡിപ്പോകൾ, ബസ് സ്റ്റാന്റുകൾ, ഗ്യാരേജ്, വർക്ക്ഷോപ്പുകൾ, വാണിജ്യ സ്ഥാപനങ്ങൾ (ബസ് സ്റ്റേഷന് അകത്ത്) ഉള്ളവ , KSRTC ക്ക് കീഴിലുള്ള മറ്റ് വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സൗകര്യം ഒരുക്കണം

3. ആവശ്യമായ പൊതുശുചിമുറി സൗകര്യം ഒരുക്കണം, പരിപാലനത്തിനായി ഏജൻസികളെ വിനിയോഗിക്കണം.

4. KSRTC ഡിപ്പോകൾ, ബസ് സ്റ്റാന്റുകൾ എന്നിവ സൗന്ദര്യവത്കരിക്കാനുള്ള പരിപാടികൾ നടത്തണം

5. ബസ്സുകൾ, ബസ് സ്റ്റാന്റുകൾ, ഡിപ്പോകൾ തുടങ്ങിയവയിൽ ബിന്നുകളുടെ സ്ഥാപനവും പരിപാലനവും

6. ബസ്സുകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ ബ്രാൻഡിങ്ങിലൂടെ ഒരുക്കാനുള്ള പിന്തുണ നല്കണം.

7. പരിശോധനകൾ നടത്തുന്ന വേളയിൽ നിരോധിച്ച പ്ലാസ്റ്റിക്ക്/ഒറ്റത്തവണ ഉപയോഗിക്കുന്ന ഉത്പന്നങ്ങൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.

8. **ആഭ്യന്തര വകുപ്പ്**

1. മലിനീകരണവുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുക. മാലിന്യ സംസ്കരണ നിയമലംഘനങ്ങളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുമ്പോൾ പ്രസക്തമായ നിയമവ്യവസ്ഥകൾ കൃത്യമായി ഉൾപ്പെടുത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകുക.

2. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഹരിത പോലീസ് സെൽ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുക

3. സ്റ്റുഡന്റ്സ് പോലീസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്കൂളുകളിലും സമൂഹത്തിലും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം

4. കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത് പോലീസ് സ്റ്റേഷന് സമീപം നിക്ഷേപിച്ചിട്ടുള്ള വാഹനങ്ങൾ സമയ ബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

5. പരിശോധനകൾ നടത്തുന്ന വേളയിൽ നിരോധിച്ച പ്ലാസ്റ്റിക്ക് / ഒറ്റത്തവണ ഉപയോഗിക്കുന്ന ഉത്പന്നങ്ങൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.

9. **വ്യവസായ വകുപ്പ്**

1. വൻകിട വ്യവസായങ്ങളിലും ചെറുകിട വ്യവസായങ്ങളിലും ശാസ്ത്രീയ മാലിന്യ

സംസ്കരണം ഉറപ്പാക്കണം .

2. ഇ.പി.ആർ - സംസ്ഥാനത്തെ പ്ലാസ്റ്റിക് ഉത്പാദകരുടെയും പ്ലാസ്റ്റിക് റീസൈക്ലർമാരുടെയും ഏകോപനം ഉറപ്പാക്കണം.

3. പരിസ്ഥിതി സൗഹൃദ പാക്കിങ് പ്രോത്സാഹിപ്പിക്കൽ

4. സ്വകാര്യ സംരഭകരുടെ സഹായത്തോടെ ഗ്രീൻ സ്റ്റോറുകളുടെ വ്യാപനം

10. പൊതുമരാമത്ത് വകുപ്പ്

1. റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പരമാവതി ഷ്രഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഉറപ്പാക്കണം.

2. പുതിയ സർക്കാർ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോഴും പഴയവ പുതുക്കി പണിയുമ്പോഴും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കണം.

3. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മാലിന്യം അതാത് കോൺട്രാക്ടറുമാർ ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്ന് ഉറപ്പാക്കൽ. അത് കരാറിന്റെ ഭാഗമാക്കണം.

11. പൊതുജന സമ്പർക്ക വകുപ്പ്

1. മാലിന്യ പരിപാലനത്തിനായുള്ള IEC മെറ്റീരിയലുകളുടെ വികസനവും വ്യാപനവും ഉറപ്പാക്കണം.

2. ദൃശ്യ,അച്ചടി, ഡിജിറ്റൽ മാധ്യമങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പാക്കണം.

12. വനം-വന്യജീവി വകുപ്പ്

1. വനവുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് ആവശ്യമായ ശുചിമുറികൾ, മാലിന്യനീക്കം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരുക്കണം

2. വനവുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതി നടപ്പാക്കുകയോ ചെയ്യണം

3. വിവര വിജ്ഞാന വ്യാപന പരിപാടികളും ഐ.ഇ.സി ബോർഡുകളും സ്ഥാപിക്കണം

4. പരിശോധനകൾ നടത്തുന്ന വേളയിൽ നിരോധിച്ച പ്ലാസ്റ്റിക്ക് / ഒറ്റത്തവണ ഉപയോഗിക്കുന്ന ഉത്പന്നങ്ങൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെ അറിയിക്കുന്നതിനുള്ള സംവിധാനം.

5. ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും വന സംരക്ഷണ സമിതിയുടെയും നേതൃത്വത്തിൽ വനത്തിനുള്ളിലും വനത്തിനോട് ചേർന്നും വസിക്കുന്ന ആളുകൾക്കിടയിൽ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഉറപ്പാക്കണം.

6. വനത്തിനുള്ളിലൂടെ കടന്നുപോകുന്ന റോഡിലും പരിസരത്തും പ്ലാസ്റ്റിക്ക് അടക്കമുള്ള മാലിന്യം വലിച്ചെറിയപ്പെട്ട് അത് വന്യ ജീവികൾ ഭക്ഷിക്കുന്നത് ഒഴിവാക്കുന്നതിനായുള്ള പ്രത്യേക പരിപാടികൾ സംഘടിപ്പിക്കണം.

13. ദേവസ്വം വകുപ്പ്

1. എല്ലാ അമ്പലങ്ങളിലും ദേവസ്വം വകുപ്പിന്റെ സ്ഥാപനങ്ങളിലും/ആരാധാനാലയങ്ങളിലും ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കൽ.

2. ശബരിമലയിൽ സമ്പൂർണ്ണ ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിന് പ്രത്യേക പരിപാടികൾ നടപ്പിലാക്കണം.

14. കൃഷി കാർഷിക വികസന വകുപ്പ്

1. കൃഷിയിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യം എങ്ങനെ കൈകാര്യം ചെയ്യണമെന്ന SOP തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് തയ്യാറാക്കി പുറത്തിറക്കണം .

2. കൃഷിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന വിവിധ തരത്തിലെ മാലിന്യം ശാസ്ത്രീയമായി എങ്ങനെ കൈകാര്യം ചെയ്യണമെന്ന് കർഷകർക്കിടയിൽ വിവര വിജ്ഞാന വ്യാപനം നടത്തണം

3. വീടുകളിൽ ഉറവിട ജൈവ മാലിന്യ സംവിധാനങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന കമ്പോസ്റ്റ് വളം ആവശ്യക്കാരായ കർഷകർക്ക് ഗുണമേന്മ ഉറപ്പാക്കി എത്തിക്കുന്നതിനുള്ള പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കണം.

4. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളിൽ ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കണം.

15. ആരോഗ്യ വകുപ്പ് & ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്

1. എല്ലാ ആശുപത്രികളിലും / പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കണം.

2. ആരോഗ്യ വിദ്യാഭാസ സ്ഥാപനങ്ങളിലും ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കണം.

3. ശാസ്ത്രീയ മാലിന്യ പരിപാലനവും പൊതുജന ആരോഗ്യവും തമ്മിലുള്ള ബന്ധം പൊതുജനങ്ങൾക്കിടയിൽ വിവര വിജ്ഞാന വ്യാപനം ഉറപ്പാക്കണം.

4. എല്ലാ ആശുപത്രികളുടെയും പരിശോധന ലാബുകളിലെ ജലമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.

5. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ വൃത്തിയുള്ള ശുചിമുറി സംവിധാനം ഉറപ്പാക്കണം

16. ജല വിഭവ വകുപ്പ്

1. മാലിന്യം ജലാശയങ്ങളിൽ തള്ളുന്നത് തടയുന്ന രീതിയിൽ കനാൽ നവീകരണ പ്രവർത്തനങ്ങൾ നടത്തുക.

17. പട്ടിക ജാതി വികസന വകുപ്പ്

1. പട്ടിക ജാതി നഗറുകളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുക.
2. പട്ടിക ജാതി നഗറുകളിലെ എല്ലാ വീടുകളിലും ടോയ്ലറ്റ് സംവിധാനം ഉറപ്പാക്കുക
3. നഗറുകളിൽ ഉറവിട ജൈവ മാലിന്യ സംസ്ക്കരണ ഉപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
4. എല്ലാ നഗറുകളിലും സമ്പൂർണ്ണ അജൈവ മാലിന്യ വാതിൽപ്പടി ശേഖരണം ഉറപ്പാക്കുക
5. ആവശ്യമായ നഗറുകളിൽ പൊതു സംവിധാനങ്ങളുടെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് നടപ്പാക്കുക

18. പട്ടിക വർഗ്ഗ വികസന വകുപ്പ്

1. പട്ടിക വർഗ്ഗ ഉന്നതികളിൽ ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കണം.
2. പട്ടിക വർഗ്ഗ ഉന്നതികളിൽ എല്ലാ വീടുകളിലും ടോയ്ലറ്റ് സംവിധാനം ഉറപ്പാക്കണം
3. ഉന്നതികളിൽ ഉറവിട ജൈവ മാലിന്യ സംസ്ക്കരണ ഉപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.
4. എല്ലാ ഉന്നതികളിലും സമ്പൂർണ്ണ അജൈവ മാലിന്യ വാതിൽപ്പടി ശേഖരണം ഉറപ്പാക്കണം.
5. ആവശ്യമായ ഉന്നതികളിൽ പൊതു സംവിധാനങ്ങളുടെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് പ്രാവർത്തികമാക്കണം.
6. ഉന്നതികളിൽ മാലിന്യ പരിപാലനത്തിനായുള്ള IEC പ്രവർത്തനങ്ങൾ നടപ്പിലാക്കണം.

19. ഫിഷറീസ് വകുപ്പ്

1. മത്സ്യ ഗ്രാമങ്ങളിൽ ശാസ്ത്രീയ മാലിന്യ പരിപാലനം ഉറപ്പാക്കണം.
2. മത്സ്യ ഗ്രാമങ്ങളിലെ എല്ലാ വീടുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ടോയ്ലറ്റ് സംവിധാനം ഉറപ്പാക്കണം.
3. മത്സ്യ ഗ്രാമങ്ങളിൽ ഉറവിട ജൈവ മാലിന്യ സംസ്ക്കരണ ഉപാധികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം.
4. എല്ലാ മത്സ്യ ഗ്രാമങ്ങളിലും സമ്പൂർണ്ണ അജൈവ മാലിന്യ വാതിൽപ്പടി ശേഖരണം ഉറപ്പാക്കണം.
5. ആവശ്യമായ മത്സ്യ ഗ്രാമങ്ങളിൽ പൊതു സംവിധാനങ്ങളുടെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ക്രമീകരിക്കണം.
6. മത്സ്യ മാലിന്യം സംസരിക്കുന്നതിന് സംവിധാനം ഒരുക്കണം.

7. സാധ്യമായ പ്ലാസ്റ്റിക്ക് മാലിന്യം കടലിൽ നിന്നും ശേഖരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കണം.

20. എക്സൈസ്

1. എല്ലാ ബെവ്കോ ഔട്ട് ലെറ്റ് കളിലേക്കും പ്ലാസ്റ്റിക്ക് കുപ്പികൾക്ക് ഡെപ്പോസിറ്റ് വാങ്ങി കുപ്പി തിരിച്ച് നൽകുമ്പോൾ ഡെപ്പോസിറ്റ് തിരികെ നൽകുന്ന സംവിധാനം വ്യാപിപ്പിക്കണം. ഇതിനായി വെൻഡിങ് മെഷീനുകൾ സ്ഥാപിപ്പിക്കണം.

2. പരിശോധനകൾ നടത്തുന്ന വേളയിൽ നിരോധിച്ച പ്ലാസ്റ്റിക്ക് / ഒറ്റത്തവണ ഉപയോഗിക്കുന്ന ഉത്പന്നങ്ങൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയെ അറിയിക്കുന്നതിനുള്ള സംവിധാനം ഉറപ്പ് വരുത്തും

21. മൃഗ സംരക്ഷണവും ക്ഷീര വികസനവും വകുപ്പ്

1. എല്ലാ ഫാമുകളിലും ശാസ്ത്രീയ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉറപ്പാക്കണം.

2. ചെറുകിട ക്ഷീര കർഷകർക്കിടയിൽ ശാസ്ത്രീയ മാലിന്യ പരിപാലനം സംബന്ധിച്ച വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

22. മ്യൂസിയം & സൂ (ZOO) വകുപ്പ്

1. മ്യൂസിയങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണവും പരിപാലനവും ഉറപ്പാക്കണം.

2. സന്ദർശകർക്കായി വിവിധ IEC പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.

23. തൊഴിൽ നൈപുണ്യ വികസന വകുപ്പ്

1. അഥിതി തൊഴിലാളികൾക്കിടയിൽ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തണം.

2. ITI കളിൽ ശാസ്ത്രിയ മാലിന്യ സംസ്കരണം ഉറപ്പാക്കണം.

3. തൊഴിലുകളുടെ ഭാഗമായി ഉണ്ടാകുന്ന മാലിന്യം കൈകാര്യം ചെയ്യൽ - പാഠ്യ പദ്ധതിയുടെ ഭാഗമാക്കൽ.

4. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ സ്കിൽ ഡെവലപ്പ്മെന്റ് , പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനുള്ള നേതൃത്വപരമായ പങ്ക് ഉറപ്പാക്കണം.

24. കായിക വകുപ്പ്

1. കായിക വകുപ്പ് സംഘടിപ്പിക്കുന്ന എല്ലാ മേളകളിലും ഹരിതചട്ടപാലനം ഉറപ്പാക്കണം.

2. ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം പൊതു ജനങ്ങൾക്കിടയിൽ വ്യാപിപ്പിക്കുന്നതിനു മാരത്തോൺ പോലെയുള്ള മത്സരങ്ങൾ സംഘടിപ്പിച്ച് വിവര വിജ്ഞാന വ്യാപന നടത്തണം.

3. പ്രമുഖ കായിക താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ.

25. ഭക്ഷ്യ പൊതു വിതരണ വകുപ്പ്

1. സിവിൽ സപ്ലൈസ് ഷോപ്പുകളിൽ തുണി സഞ്ചികൾ പ്രോത്സാഹിപ്പിക്കുക, ഇവ കുടുംബശ്രീയുമായി ബന്ധിപ്പിക്കുക

2. പ്രകൃതി സൗഹൃദ പാക്കിങ് പ്രോത്സാഹിപ്പിക്കാനുള്ള ഇടപെടലുകൾ നടത്തുക

26. വനിതാ - ശിശു വികസന വകുപ്പ്

1. ഐ.സി.ഡി.എസ് മുഖാന്തരം അംഗണവാടി കുട്ടികൾക്ക് ശാസ്ത്രീയ മാലിന്യ പരിപാലനത്തിന്റെ അടിസ്ഥാന അറിവുകൾ മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ നടത്തണം .

2. അംഗണവാടി കുട്ടികളുടെ അക്കാദമിക്ക് കരിക്കുലത്തിൽ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ ഉൾപ്പെടുത്തി നവീകരിക്കണം.

27. യുവജനക്ഷേമ വകുപ്പ്

1. മാലിന്യ പരിപാലനത്തിനായി യുവജനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ക്യാമ്പയിനുകൾ നടപ്പിലാക്കണം.

2. വകുപ്പ് നടത്തുന്ന പരിശീലന പരിപാടികളിൽ മാലിന്യ പരിപാലനം ഒരു ഭാഗമാക്കണം.

3. സംസ്ഥാനത്തെ എല്ലാ ക്ലബ്ബുകളുടെയും പങ്കാളിത്തം ക്യാമ്പയിനിൽ ഉറപ്പാക്കണം.

11. ക്യാമ്പയിൻ വിവര വിജ്ഞാന വ്യാപന (IEC) പരിപാടികളും കാര്യശേഷി വികസനവും

1. വിവര വിജ്ഞാന വ്യാപന (IEC) പരിപാടികൾ

കേരളം ഇതിനകം തന്നെ മാലിന്യസംസ്കരണ രംഗത്ത് ശ്രദ്ധേയമായ മുന്നേറ്റങ്ങൾ കൈവരിച്ച സംസ്ഥാനമാണ്. ഇനി വേണ്ടത് നിലവിലുള്ള സംവിധാനങ്ങളെ ജനങ്ങളുടെ ദൈനംദിന ശീലങ്ങളാക്കി മാറ്റുക എന്നതാണ്. IEC ക്യാമ്പയിൻ നിലവിൽ തുടർന്നുവരുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നിന്നും മാറി ജനങ്ങൾക്ക് ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പരിചയപ്പെടുത്തുവാനും ജനങ്ങളുടെ ശീലങ്ങളിൽ മാറ്റം കൊണ്ടുവരാനും സാധിക്കും. ഇതിലൂടെ ***ബോധവൽക്കരണം, പ്രവർത്തനം, ശീലം, സാമൂഹിക മാനദണ്ഡം, മാലിന്യമുക്ത സംസ്കാരം*** എന്ന ലക്ഷ്യത്തിലേക്ക് നയിക്കും. ഓരോ വീടിനും ഒരു പ്രവർത്തനം, ഓരോ വാർഡിനും ഒരു ലക്ഷ്യം, ഓരോ തദ്ദേശ സ്ഥാപനത്തിനും ഒരു മാതൃക എന്ന സമീപനത്തിലൂടെ ജനപങ്കാളിത്തം ശക്തിപ്പെടുത്തുന്നതോടൊപ്പം പരിശീലനം, ഡിജിറ്റൽ/മാധ്യമ പ്രചാരണം, പ്രാദേശിക IEC പ്രവർത്തനങ്ങൾ, പരാതിപരിഹാര സംവിധാനം എന്നിവ ഏകോപിപ്പിക്കുകയും ചെയ്യും.

നിയമാവബോധം വളരെ ലളിതമായി ജനങ്ങളിലെത്തിക്കുന്നതിനൊപ്പം, മികച്ച രീതികൾ പിന്തുടരുന്ന വീടുകൾ, വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വാർഡുകൾ, തദ്ദേശസ്ഥാപനങ്ങൾ, ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവരെ അംഗീകരിച്ച് മാതൃകകളാക്കും. ക്യാമ്പയിന്റെ വിജയത്തെ പരിപാടികളുടെ എണ്ണത്തിലല്ല, മറിച്ച് ഉറവിട/കമ്മ്യൂണിറ്റി/ക്ലസ്റ്റർ/റീജിയണൽ തലത്തിലുള്ള മാലിന്യസംസ്കരണം വർദ്ധിക്കൽ,

മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, പുനഃരുപയോഗം വർദ്ധിപ്പിക്കൽ, പൊതുസ്ഥലങ്ങളിലെ മാലിന്യം കുറയ്ക്കൽ, ശേഖരണ സംവിധാനത്തിലെ ജനപങ്കാളിത്തം, നിയമാനുസൃത പ്രവർത്തനം, പൊതുശുചിത്വത്തിലെ പുരോഗതി തുടങ്ങിയ അളക്കാവുന്ന പെരുമാറ്റ സൂചകങ്ങളിലൂടെയായിരിക്കും വിലയിരുത്തുക. മേൽപ്പറഞ്ഞ സമീപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ വിവര വിജ്ഞാപന പ്രവർത്തന പദ്ധതി ശുചിത്വമിഷൻ പ്രസിദ്ധീകരിക്കുന്നതാണ്.

പങ്കാളിത്ത വകുപ്പുകളുടെയും ഏജൻസികളുടെയും IEC ചുമതലകൾ

ഏജൻസി	പ്രധാന ചുമതല
തദ്ദേശ സ്വയംഭരണ വകുപ്പ്	സംസ്ഥാനതല IEC ക്യാമ്പയിനുകൾക്ക് ഭരണപരമായ പിന്തുണയും ഏകോപനവും നേതൃത്വവും നൽകുക. വിവിധ വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ തമ്മിലുള്ള ഏകോപനം, ഫണ്ടും, വിഭവങ്ങളും ഉറപ്പാക്കൽ, മാലിന്യസംസ്കരണ പദ്ധതികളിലെല്ലാം IEC പ്രവർത്തനങ്ങൾ ഉറപ്പാക്കൽ
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	തദ്ദേശ സ്വയംഭരണ സ്ഥാപങ്ങനളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ ജനവിഭാഗങ്ങൾക്കനുസരിച്ചുള്ള വിവര വിജ്ഞാന വ്യാപന പരിപാടികൾ നടത്തൽ.
ശുചിത്വ മിഷൻ	തദ്ദേശ സംസ്ഥാനതല IEC ഫ്രെയിം വർക്കും സമീപനവും പദ്ധതി രൂപീകരണവും, സന്ദേശങ്ങൾ, ബ്രാൻഡിംഗ്, സാങ്കേതിക ഉള്ളടക്കം തുടങ്ങിയവയുടെ ഏകോപനം, നിരീക്ഷണം, വിലയിരുത്തൽ
കുടുംബശ്രീ	സമൂഹതല ബോധവൽക്കരണം, വീടുതോറുമുള്ള ഇടപെടൽ, കുടുംബങ്ങളുടെയും സ്ത്രീകളുടെയും പങ്കാളിത്തം
KSWMP	മാലിന്യ ശേഖരണം, MCF/RRF, സംസ്കരണ സംവിധാനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പൊതുജന ആശയവിനിമയം
CKCL	സൃഷ്ടിപരമായ ആശയവിനിമയം, മാധ്യമം, ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം
I&PRD	അച്ചടി, ടെലിവിഷൻ, റേഡിയോ, ഡിജിറ്റൽ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണം
ടൂറിസം വകുപ്പ്	ടൂറിസ്റ്റുകൾക്കും വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും വേണ്ടിയുള്ള IEC, ബഹുഭാഷാ സൂചനകൾ
മറ്റ് സർക്കാർ വകുപ്പുകൾ	വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണത്തിനായുള്ള അവബോധ പരിപാടികളുടെ ഏകോപനം
വിദഗ്ദ്ധരുടെ വിഭവസംഘം	മാലിന്യസംസ്കരണം, പെരുമാറ്റമാറ്റം, പരിസ്ഥിതി, പൊതുജനാരോഗ്യം, ആശയവിനിമയം, രൂപകൽപ്പന തുടങ്ങിയ മേഖലകളിൽ സാങ്കേതിക പിന്തുണ

2. കാര്യശേഷി വികസനം

കേരളത്തിലെ ശാസ്ത്രീയ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ശാക്തീകരിക്കുക ആയതിന്റെ സുസ്ഥിരത ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടുള്ള ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കുന്നതിന് വിവിധ തലങ്ങളിലുള്ള മനുഷ്യ വിഭവശേഷിയുടെ ശാസ്ത്രീയവും ആസൂത്രിതവുമായ ശേഷീവികസനം അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകർമ്മ സേന, എൻഫോഴ്സ്മെന്റ് സ്ക്വാഡ്, വിവിധ വകുപ്പുകൾ, കുടുംബശ്രീ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, വോളന്റീയർ ഗ്രൂപ്പുകൾ കൂടാതെ റസിഡന്റ്സ് വെൽഫെയർ

അസോസിയേഷൻ, സന്നദ്ധ സംഘടനകൾ, കലാ-സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ- സാമുദായിക സംഘടനകൾ, വ്യാപാരി വ്യവസായികൾ, ഹോട്ടൽ ആന്റ് റസ്റ്ററന്റ് ഉടമകൾ എന്നിങ്ങനെ മാലിന്യ സംസ്കരണ മേഖലകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിപ്പിക്കേണ്ട എല്ലാ പങ്കാളികളുടെയും അറിവും നൈപുണ്യവും മനോഭാവവും ശക്തിപ്പെടുത്തുകയാണ് ശേഷീവികസന പ്രവർത്തനങ്ങളുടെ പൊതുവായ ലക്ഷ്യം. ക്യാമ്പയിൻ ലക്ഷ്യം പൂർത്തീകരണത്തിനായി നടപ്പിലാക്കേണ്ട ശേഷീ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നം	പരിശീലന മേഖല	ടാർഗറ്റ് ഗ്രൂപ്പ്
1	ക്യാമ്പയിൻ ഉദ്ദേശ ലക്ഷ്യങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓറിയന്റേഷൻ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ
2	ക്യാമ്പയിൻ ഉദ്ദേശ ലക്ഷ്യങ്ങൾ സംബന്ധിച്ച് വിവിധ പ്രവർത്തന പങ്കാളികൾക്കുള്ള ഓറിയന്റേഷനുകൾ	വിദ്യാർത്ഥികൾ, യുവജനങ്ങൾ, വോളൻറ്റീർ ഗ്രൂപ്പുകൾ, റസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ,കലാസാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ-സാമുദായിക സംഘടനകൾ,വ്യാപാരി വ്യവസായികൾ, ഹോട്ടൽ ആന്റ് റസ്റ്ററന്റ് ഉടമകൾ തുടങ്ങിയ വിഭാഗങ്ങൾ
3	മാലിന്യ സംസ്കരണ പദ്ധതികൾ - ആസൂത്രണവും നിർവഹണവും പരിപാലനവും	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
4	പൊതുയിടങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ പ്രതിദിന സ്വീപ്പിംഗ്, പൊതു ശുചിമുറികളുടെ ശുചിത്വം, വാട്ടർ സ്വീപ്പിംഗ്, രണ്ട് തരം ബിന്നുകൾ സ്ഥാപിക്കൽ, ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കൽ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാനിട്ടേഷൻ വർക്കർമാർ, വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ചുമതലക്കാർ
5	മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, മാലിന്യം നാലായി തരം തിരിക്കൽ, പുനരുപയോഗ പ്രോത്സാഹനം, സ്വാപ് ഷോപ്പുകൾ, റിപ്പയർ ഷോപ്പുകൾ തുടങ്ങിയവ (ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ)	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മ സേന, കുടുംബശ്രീ സംരംഭക ഗ്രൂപ്പുകൾ, വിവിധ പ്രവർത്തന പങ്കാളികൾ
	വാതിൽപ്പടി ശേഖരണം	

6	ശക്തിപ്പെടുത്തൽ, ഹരിത കർമ്മ സേന ശാക്തീകരണം, തൊഴിൽ നൈപുണ്യ വികസനം	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഹരിതകർമ്മ സേന
7	മിനി MCF, എംസിഎഫ്, RRF മാനേജ്മെന്റ്, ട്രാൻസ്പോർട്ടേഷൻ, മൂല്യവർദ്ധിത തരംതിരിക്കൽ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഹരിതകർമ്മ സേന
8	കമ്മ്യൂണിറ്റിതല ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിപാലനം	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമ്മ സേന, സാനിട്ടേഷൻ വർക്കർമാർ, ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥർ
9	കേന്ദ്രീകൃത/ കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കൽ - ബയോ സിഎൻജി, ആർഡിഎഫ്, സാനിട്ടറി മാലിന്യ സംസ്കരണ പ്ലാന്റുകൾ, ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ, സാനിട്ടറി ലാന്റ്ഫിൽ, ബയോമൈനിംഗ് പദ്ധതികൾ, പ്രത്യേകമായി കൈകാര്യം ചെയ്യേണ്ട മാലിന്യങ്ങളുടെ സംസ്കരണ പ്ലാന്റുകൾ,റീസൈക്ലിംഗ്, അപ്പ് സൈക്ലിംഗ് പ്ലാന്റുകൾ, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ മാലിന്യ സംസ്കരണ പ്ലാന്റുകൾ, ഗാർഹിക ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ തുടങ്ങിയവ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, നിർവഹണ ഉദ്യോഗസ്ഥർ, സ്വകാര്യ സംരംഭകർ
10	ജല മലിനീകരണവും ജല സുരക്ഷയും - കിണർവെള്ളത്തിന്റെ പരിശോധന, ശാസ്ത്രീയമായി സെപ്റ്റിക് ടാങ്കുകളും സോക്പിറ്റുകളും	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ, നിർവഹണ ഉദ്യോഗസ്ഥർ, സ്വകാര്യ സംരംഭകർ

	നിർമ്മിക്കൽ, എസ് ടി പി/ എഫ് എസ് ടി പി പദ്ധതികളുടെ നിർവഹണം	
11	ഡിജിറ്റലൈസേഷൻ- ഹരിത മിത്രം ആപ്പ്, ക്ലൂ ആപ്പ്, ഗ്രീൻ ലീഫ് റേറ്റിംഗ് സിസ്റ്റം	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിർവ:ിവഹണ ഉദ്യോഗസ്ഥർ, സ്വകാര്യ സംരംഭകർ
12	ഡിജിറ്റൽ പഠന രീതികൾ, ഓൺലൈൻ കോഴ്സുകൾ, ഓൺലൈന:ി ക്ലാസുകൾ, ഇൻഫോ ഗ്രാഫിക്സ്, എക്സ്പോഷർ വിസിറ്റുകൾ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ
13	എൻഫോഴ്സ്മെന്റ്	ജില്ലാതലത്തിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലെയും എൻഫോഴ്സ്മെന്റ് സ്ക്വാഡ് അംഗങ്ങൾ, ഭക്ഷ്യസുരക്ഷാ സ്ക്വാഡ് അംഗങ്ങൾ
14	യാത്രക്കാരിൽ നിന്നും വിനോദ സഞ്ചാരികളിൽ നിന്നും മാലിന്യ ശേഖരണം - കളക്ഷൻ ഹബ് സ്ഥാപിക്കൽ	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിനോദ സഞ്ചാര വകുപ്പ്, വനം വകുപ്പ് ഉദ്യോഗസ്ഥർ

അനുബന്ധം - 1

കൃഷ്ണയിൻ ഏകോപനം : കമ്മിറ്റികൾ

സംസ്ഥാനതല ഏകോപന കമ്മിറ്റി

ക്രമ നം.	അംഗം / പദവി	സമിതിയിലെ ചുമതല
1.	മുഖ്യമന്ത്രി	മുഖ്യ രക്ഷാധികാരി
2.	പ്രതിപക്ഷ നേതാവ്	രക്ഷാധികാരി
3.	എല്ലാ വകുപ്പ് മന്ത്രിമാരും	രക്ഷാധികാരി
4.	തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി	ചെയർപേഴ്സൺ
5.	ചീഫ് സെക്രട്ടറി	കൺവീനർ
6.	സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്	ജോയിന്റ് കൺവീനർ
7.	വൈസ് ചെയർമാൻ, ആസൂത്രണബോർഡ്	മെമ്പർ
8.	സെക്രട്ടറി,ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്	മെമ്പർ
9.	എല്ലാ വകുപ്പുകളുടെയും സെക്രട്ടറി	മെമ്പർ
10.	സംസ്ഥാന ആസൂത്രണബോർഡ് അംഗങ്ങൾ	മെമ്പർ
11.	ചെയർപേഴ്സൺ മലിനീകരണ നിയന്ത്രണ ബോർഡ്	മെമ്പർ
12.	പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്	മെമ്പർ
13.	ഡയറക്ടർ(അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്	മെമ്പർ

14.	ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്	മെമ്പർ
15.	എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ	മെമ്പർ
16.	എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ	മെമ്പർ
17.	ഡയറക്ടർ ജനറൽ, കില	മെമ്പർ
18.	പ്രൊജക്ട് ഡയറക്ടർ, KSWMP	മെമ്പർ
19.	ഡയറക്ടർ, ഐ.കെ.എം	മെമ്പർ
20.	ഡയറക്ടർ, ഐ.എം.ജി	മെമ്പർ
21.	മിഷൻ ഡയറക്ടർ, VB-G RAM G	മെമ്പർ
22.	മിഷൻ ഡയറക്ടർ, അമൃത്	മെമ്പർ
23.	മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്	മെമ്പർ
24.	പ്രസിഡന്റ് , ജില്ലാ പഞ്ചായത്ത് അസോസിയേഷൻ	മെമ്പർ
25.	ചെയർ പേഴ്സൺ, കേരള മേയേഴ്സ് കൗൺസിൽ	മെമ്പർ
26.	ചെയർ പേഴ്സൺ, കേരള മുൻസിപ്പൽ ചെയർമാൻസ് ചേംബർ	മെമ്പർ
27.	പ്രസിഡന്റ് , കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ	മെമ്പർ
28.	പ്രസിഡന്റ് , കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ	മെമ്പർ

സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി

ക്രമ നം.	അംഗം/പദവി	സമിതിയിലെ ചുമതല
	ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി	ചെയർ പേഴ്സൺ

1.		
2.	ചീഫ് സെക്രട്ടറി	കൺവീനർ
3.	തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി	ജോയിന്റ് കൺവീനർ
4.	തദ്ദേശ സ്വയംഭരണ വകുപ്പിലെ മുഴുവൻ HOD മാരും	മെമ്പർ

സംസ്ഥാന ഉദ്യോഗസ്ഥ തല കമ്മിറ്റി

ക്രമ നം.	അംഗം/പദവി	സമിതിയിലെ ചുമതല
1.	തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി	കൺവീനർ
2.	വകുപ്പിലെ മുഴുവൻ HODമാരും	ജോയിന്റ് കൺവീനർ
3.	എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ & ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ	മെമ്പർ

ജില്ലാതല ഏകോപന കമ്മിറ്റി

ക്രമ നം.	അംഗം/പദവി	സമിതിയിലെ ചുമതല
1	ജില്ലാ ചുമതലയുള്ള മന്ത്രി	മുഖ്യ രക്ഷാധികാരി
2	ജില്ലയിലെ എം.പി.മാർ	രക്ഷാധികാരി
3	ജില്ലയിലെ എം.എൽ. എ.മാർ	രക്ഷാധികാരി
4	മേയർ	രക്ഷാധികാരി
5	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	ചെയർപേഴ്സൺ
6	ജില്ലാ കളക്ടർ	വൈസ് ചെയർപേഴ്സൺ
7	ജോയിന്റ്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്	കൺവീനർ
8	ജില്ലാ കോർഡിനേറ്റർ, ശുചിത്വ മിഷൻ	ജോയിന്റ് കൺവീനർ
9	ജില്ലാ പോലീസ് മേധാവി	മെമ്പർ

10	ജില്ലാ പ്ലാനിംഗ് ഓഫീസർ	മെമ്പർ
11	ജില്ലാ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡ്	മെമ്പർ
12	കോർപ്പറേഷൻ സെക്രട്ടറിമാർ	മെമ്പർ
13	അസിസ്റ്റന്റ് ഡയറക്ടർ (മാലിന്യ സംസ്കരണ ചുമതല)	മെമ്പർ
14	ഡെപ്യൂട്ടി ഡിസ്ട്രിക്ട് കോ ഓർഡിനേറ്റർ, കെ.എസ്.ഡബ്ല്യു.എം.പി	മെമ്പർ
15	മാനേജർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്	മെമ്പർ

നിയസഭ നിയോജക മണ്ഡലതല ഏകോപന കമ്മിറ്റി

ക്രമ നം.	പദവി	അംഗങ്ങൾ / ചുമതലക്കാർ
1	എം.എൽ.എ	ചെയർപേഴ്സൺ
2	അസിസന്റ് ഡയറക്ടർ (വേസ്റ്റ് മാനേജ്മന്റ്) തദ്ദേശ സ്വയംഭരണ വകുപ്പ്	കൺവീനർ
3	അസിസന്റ് കോർഡിനേറ്റർ ശുചിത്വ മിഷൻ	ജോയിന്റ് കൺവീനർ
4	നിയസഭ നിയോജക മണ്ഡല പരിധിയിലുള്ള എല്ലാ ജനപ്രതിനിധികളും, എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരും	മെമ്പർ

കോർപ്പറേഷൻ തല ഏകോപന കമ്മിറ്റി

ക്രമ നം.	പദവി	അംഗങ്ങൾ / ചുമതലക്കാർ
1.	ചെയർപേഴ്സൺ	മേയർ
2.	വൈസ് ചെയർപേഴ്സൺ	ആരോഗ്യ സ്ഥിര സമിതി അധ്യക്ഷൻ
3.	കൺവീനർ	സെക്രട്ടറി
4.	ജോയിന്റ് കൺവീനർമാർ	അഡീഷണൽ സെക്രട്ടറി
5.	അംഗങ്ങൾ	• ഡെപ്യൂട്ടി മേയർ • സിറ്റി പോലീസ് കമ്മീഷണർ

		• മറ്റ് സ്ഥിര സമിതി അധ്യക്ഷൻമാർ • ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ • ഹെൽത്ത് ഓഫീസർ • കോർപ്പറേഷൻ എഞ്ചിനിയർ • ക്ലീൻ സിറ്റി മാനേജറുമാർ • കോർപ്പറേഷൻ സ്ഥാപന മേധാവികൾ • കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺമാർ
മാലിന്യ സംസ്കരണ മേഖലയിലെ വിദഗ്ധർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സംഘടന പ്രതിനിധികൾ, സാമൂഹിക സന്നദ്ധ പ്രവർത്തകർ മുതലായ ആളുകളെ ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിക്കാവുന്നതാണ്.		

മുനിസിപ്പാലിറ്റി തല ഏകോപന കമ്മിറ്റി

ക്രമ നം.	പദവി	അംഗങ്ങൾ / ചുമതലക്കാർ
1.	ചെയർപേഴ്സൺ	മുൻസിപ്പൽ ചെയർപേഴ്സൺ
2.	വൈസ് ചെയർപേഴ്സൺ	ആരോഗ്യ സ്ഥിര സമിതി അധ്യക്ഷൻ
3.	കൺവീനർ	മുൻസിപ്പൽ സെക്രട്ടറി
4.	ജോയിന്റ് കൺവീനർമാർ	ക്ലീൻ സിറ്റി മാനേജർ
5.	അംഗങ്ങൾ	• ഡെപ്യൂട്ടി ചെയർപേഴ്സൺ • മറ്റ് സ്ഥിര സമിതി അധ്യക്ഷൻമാർ • ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ • സ്റ്റേഷൻ ഹൗസ് ഓഫീസർ, പോലീസ് • മുനിസിപ്പൽ എഞ്ചിനിയർ • കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺമാർ • മുൻസിപ്പാലിറ്റി തല സ്ഥാപന മേധാവികൾ • ഹെൽത്ത് ഇൻസ്പെക്ടർ

മാലിന്യ സംസ്കരണ മേഖലയിലെ വിദഗ്ധർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സംഘടന പ്രതിനിധികൾ, സാമൂഹിക സന്നദ്ധ പ്രവർത്തകർ മുതലായ ആളുകളെ ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിക്കാവുന്നതാണ്.

ബ്ലോക്ക് തല ഏകോപന കമ്മിറ്റി

ക്രമ നം.	പദവി	അംഗങ്ങൾ / ചുമതലക്കാർ
1.	ചെയർപേഴ്സൺ	ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്
2.	വൈസ് ചെയർപേഴ്സൺ	ആരോഗ്യ സ്ഥിര സമിതി അധ്യക്ഷൻ
3.	കൺവീനർ	സെക്രട്ടറി
4.	ജോയിന്റ് കൺവീനർമാർ	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
5.	അംഗങ്ങൾ	• ബ്ലോക്കിലെ ജില്ലാ പഞ്ചായത്ത് അംഗം • ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് • മറ്റ് സ്ഥിര സമിതി അധ്യക്ഷൻമാർ • ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ • അസി.എക്സിക്യൂട്ടീവ്എഞ്ചിനീയർ • ബ്ലോക്ക് തല സ്ഥാപന മേധാവികൾ • ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ • മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

മാലിന്യ സംസ്കരണ മേഖലയിലെ വിദഗ്ധർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സംഘടന പ്രതിനിധികൾ, സാമൂഹിക സന്നദ്ധ പ്രവർത്തകർ മുതലായ ആളുകളെ ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിക്കാവുന്നതാണ്

ഗ്രാമപഞ്ചയാത്ത് തല ഏകോപന കമ്മിറ്റി

ക്രമ നം.	പദവി	അംഗങ്ങൾ / ചുമതലക്കാർ
1.	ചെയർപേഴ്സൺ	ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്
2.	വൈസ് ചെയർപേഴ്സൺ	ആരോഗ്യ സ്ഥിര സമിതി അധ്യക്ഷൻ
	കൺവീനർ	സെക്രട്ടറി

3.		
4.	ജോയിന്റ് കൺവീനർമാർ	അസി. സെക്രട്ടറി
5.	അംഗങ്ങൾ	• വൈസ് പ്രസിഡണ്ട് • മറ്റ് സ്ഥിര സമിതി അധ്യക്ഷൻമാർ • ആസൂത്രണ സമിതി വൈസ് ചെയർപേഴ്സൺ • ഗ്രാമ പഞ്ചായത്ത് സ്ഥാപന മേധാവികൾ • അസിസ്റ്റന്റ് എഞ്ചിനിയർ • സ്റ്റേഷൻ ഹൗസ് ഓഫീസർ, പോലീസ് • കൃഷി ഓഫീസർ • വില്ലേജ് ഓഫീസർ • ഹെൽത്ത് ഇൻസ്പെക്ടർ • വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ • കുടുംബശ്രീ സി.ഡി.എസ്, ചെയർപേഴ്സൺ • റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ
മാലിന്യ സംസ്കരണ മേഖലയിലെ വിദഗ്ധർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, സംഘടന പ്രതിനിധികൾ, സാമൂഹിക സന്നദ്ധ പ്രവർത്തകർ മുതലായ ആളുകളെ ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിക്കാവുന്നതാണ്.		

<u>വാർഡ് തല / ഡിവിഷൻ തല നിർവ്വഹണ കമ്മിറ്റി</u>

ക്രമ നം.	സമിതി	ഭാരവാഹികൾ	അംഗങ്ങൾ
1.	വാർഡ്തല നിർവ:്വഹണ സമിതി	• ചെയർപേഴ്സൺ: വാർഡ് മെമ്പർ • കൺവീനർ: ഗ്രാമസഭാ ചുമതലയുള്ള ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ • ജോയിന്റ് കൺവീനർ: എ.ഡി.എസ്	• വാർഡിലെ സ്ഥാപന മേധാവികൾ • കുടുംബശ്രീ അയൽക്കൂട്ടം കൺവീനർമാർ • ഗ്രന്ഥശാലാ പ്രതിനിധികൾ • രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ • യുവജന സംഘടനാ

		ചെയർപേഴ്സൺ	പ്രതിനിധികൾ • വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ • വനിതാ സംഘടനാ പ്രതിനിധികൾ • സന്നദ്ധ സംഘടനാ പ്രതിനിധികൾ • റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ
2.	ഡിവിഷൻതല നിർവ:ിവഹണ സമിതി	• ചെയർപേഴ്സൺ: മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ ഡിവിഷൻ മെമ്പർ • കൺവീനർ: ഡിവിഷൻതല ഗ്രാമസഭാ ച്ചുമതലയുള്ള ഉദ്യോഗസ്ഥർ • ജോയിന്റ് കൺവീനർ: എ.ഡി.എസ് ചെയർപേഴ്സൺ	• ഡിവിഷണിലെ സ്ഥാപന മേധാവികൾ • കുടുംബശ്രീ അയൽക്കൂട്ടം കൺവീനർമാർ • രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ • യുവജന സംഘടനാ പ്രതിനിധികൾ • വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ വനിതാ സംഘടനാ പ്രതിനിധികൾ • റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ സന്നദ്ധ സംഘടനാ പ്രതിനിധികൾ

****